സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 സെപ്റ്റംബർ 10 ഞായർ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ





# സിയസ്കൊ

## നവീകരിച്ച വായനശാല സമർപ്പണം
## 10.09.2023 ഞായർ - 4pm

ഉദ്ഘാടനം



**സി.ബി.വി സിദ്ദീഖ്**
എം. ഡി എമിറേറ്റ് സ്റ്റീൽ ട്യൂബ്സ് ,കോട്ടയം




എഞ്ചി. പി മമ്മത് കോയ
സിയസ്കൊ പ്രസിഡണ്ട്



സർഷാർ അലി.എസ്
സിയസ്കൊ ജനറൽ സെക്രട്ടറി

മുഖ്യാതിഥി



**പി.പി ശ്രീധരനുണ്ണി**
പ്രശസ്ത കവി



ഇ.വി മാലിക്
ട്രഷറർ



എസ്.എ ഖുദ്സി
വൈസ് പ്രസിഡണ്ട്



പി.വി മുഹമ്മദ് യൂനുസ്,
സെക്രട്ടറി




സി.ഇ.വി ഗഫൂർ
ചെയർമാൻ,ലൈബ്രറി,റീഡിങ്ങ് റൂം,
ആൻറ് റിസർച്ച് സെന്റർ



കെ.എം സാദിഖ്
കൺവീനർ, ലൈബ്രറി, റീഡിങ്ങ് റൂം,
ആൻറ് റിസർച്ച് സെന്റർ



പി.എം മെഹബൂബ്,
സെക്രട്ടറി



കെ.നൗഷാദ് അലി,
വൈസ് പ്രസിഡണ്ട്

# സിയസ്കൊ ലൈബ്രറി ആന്റ് റിസർച്ച് സെന്റർ നവീകരിച്ച വായന ശാല നാടിന് സമർപ്പിക്കുന്നു

### എഞ്ചി.പി.മമ്മത് കോയ
### പ്രസിഡണ്ട്

1956ൽ കോഴിക്കോട് തെക്കുംതലയിലെ ഒരു ചെറിയൊരു മുറിയിൽ തുടക്കം കുറിച്ച താണ് സിയസ്കൊ ലൈബ്രറിയും റീഡിങ്ങ്റൂമും.കുറ്റിച്ചിറ,ഇടിയങ്ങര,പള്ളിക്കണ്ടി,കുണ്ടുങ്ങൽ,കോതി തുടങ്ങിയ പിന്നാക്കപ്രദേശത്തെ ജനങ്ങളെ വായനയുടെയും പഠനത്തിന്റെയും ലോകത്തിലേക്ക് കൈ പിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു തുടക്കം.

കുറച്ചു വർഷങ്ങൾക്കുള്ളിൽ തന്നെ സാമൂഹിക, സാംസ്കാരിക,ജീവ കാരുണ്യ പ്രവർത്തന മേഖലകളിൽ തനതായ കയ്യൊപ്പു പതിപ്പിച്ച സിയസ്കൊ എന്ന കോഴിക്കോട്ടെ വലിയ സേവന സംഘടനയായി വളരാൻ അതിന്നു കഴിഞ്ഞു.ഇന്ന് ഇൻസ്ടിയൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്,ഹെൽത്ത് സെന്റർ,യത്തീം കേർ,മുതിർന്ന പൗരൻമാർക്കുള്ള ഹെൽപേജ് സ്കീം,ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള 'സി.ക്ലാപ്പ്', റിലീഫ് സ്കീം തുടങ്ങിഇരുപതോളം വിവിധ കർമ്മ പദങ്ങളും സീനിയർ സിറ്റിസൺസ് ഫോറം,വനിതാ വേദി,യുവജന വിഭാഗം,ബാലവേദി തുടങ്ങിയ ഉപ സമിതികളും കുവൈത്ത്,അബൂദാബി,ദുബൈ,ദമ്മാം എന്നിവടങ്ങളിലെ വിദേശ ചാപ്റ്ററുകളുമായി ഒരു ദേശത്തിന്റെ അഭിമാനസ്തംഭമായി മാറി സിയസ്കൊ.ഈ പ്രസ്ഥാനത്തിൻറെ സ്ഥാപകൻമാരായ പ്രൊഫ:പി.എം.ഷിയാലികോയ, സി.കെ ഉമ്മർ കോയ, കെ.വി.അവറാൻകോയ,




എൻ.കോയസ്സൻ കോയ സി.എൻ.ഇമ്പിച്ചമ്മു തുടങ്ങിയവരുടെ ആത്മാർത്ഥമായ സേവന പ്രവർത്തനങ്ങളുടെ സ്മരണകളാണ് സിയസ്കൊയുടെയും ലൈബ്രറിയുടെയും പ്രവർത്തന മികവിന്റെ പ്രചോദനം.

ആറര പതിറ്റാണ്ടിലധികമായി അക്ഷരലോകത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സിയസ്കൊ ലൈബ്രറി ഇന്നു എ ഗ്രേഡ് പബ്ലിക് ലൈബ്രറിയാണ്.നിലവിൽ വിവിധ വിഭാഗങ്ങളിലായി ഇരുപത്തി അയ്യായിരത്തിലധികം പുസ്തകങ്ങളും 1500 ൽ പരംഅംഗങ്ങളുമുണ്ട് .അനുബന്ധ വായന ശാലയിൽ ഇരുപതോളം ദിന പത്രങ്ങളും അനേകം ആനുകാലിക പ്രസിദ്ധീകരണങ്ങളുമുണ്ട്. കേരളത്തിലെ മികച്ച ഗ്രന്ഥശാലകളിൽ ഒന്നായി വളർന്ന സിയസ്കൊ ലൈബ്രറിയിൽ ദേശീയ അന്തർ ദേശീയ സർവകലാശാലകളിലെ ഗവേഷകവിദ്യാർത്ഥികൾക്ക് ഉപകാരപ്പെടുന്ന ഒരു റിസർച്ച് സെന്റർ അനുബന്ധമായുണ്ട്.

വായനശാല കാലോചിതമായി പരിഷ്കരണങ്ങൾ വരുത്തി ആധുനിക സൗകര്യത്തിലും ആകർഷണീയതയിലും ഇന്ന് വൈകീട്ട് 4 മണിക്ക് നാടിന് സമർപ്പിക്കുകയാണ്.

പ്രമുഖ വ്യവസായിയും എമിറേറ്റ് സ്റ്റീൽ ട്യൂബ്സ് മാനേജിഗ് ഡയറക്ടറുമായ സി.ബി.വി സിദ്ദീഖ് ആണ് ഉൽഘാടനം നിർവഹിക്കുന്നത് പ്രശസ്ത കവി പി.പി. ശ്രീധരനുണ്ണി മുഖ്യാതിഥി ആയി സംബന്ധിക്കും. സാഹിത്യ- സാംസ്കാരിക മേഖലയിലെ പ്രമുഖരും മാധ്യമ പ്രവർത്തകരും പരിപാടിയിൽ പങ്കെടുക്കും.

## കാര്യപരിപാടി

| | |
|---|---|
| പ്രാർത്ഥന | |
| സ്വാഗതം | : എസ്.സർഷാർ അലി<br>ജനറൽ സെക്രട്ടറി |
| അദ്ധ്യക്ഷൻ | : എഞ്ചി. പി.മമ്മത് കോയ<br>പ്രസിഡണ്ട് |
| റിപ്പോർട്ട് | : സി.ഇ.വി.അബ്ദുൽ ഗഫൂർ<br>ചെയർമാൻ,സിയസ്കൊ ലൈബ്രറി |
| ഉൽഘാടനം | : സി.ബി.വി സിദ്ദീഖ്<br>മാനേജിങ്ങ് ഡയരക്ടർ,<br>എമിറേറ്റ് സ്റ്റീൽ ട്യൂബ്സ് ,കോട്ടയം |
| മുഖ്യപ്രഭാഷണം | : ശ്രീ.പി.പി. ശ്രീധരനുണ്ണി,<br>പ്രശസ്ത കവി |
| പ്രഭാഷണങ്ങൾ | : ടി.കെ.ജോഷി<br>ബ്യൂറോ ചീഫ്, സുപ്രഭാതം<br>ശംസുദ്ദീൻ .പി<br>മലപ്പുറം ബ്യൂറോ ചീഫ്,മാധ്യമം<br>കെ.നജ്മ മജീദ്<br>എക്സിക്യൂട്ടീവ് അംഗം<br>ലൈബ്രറി കൗൺസിൽ |
| നന്ദി | : എസ്.എ ഖുദ്സി<br>വൈസ് പ്രസിഡണ്ട് |

# പുതുപ്പള്ളി രാഷ്ട്രീയ പാർട്ടികൾക്കുള്ള തിരിച്ചറിവ് പാഠം

നീണ്ട അരനൂറ്റാണ്ടിലധികം പുതുപ്പള്ളിക്കാർക്കും, കേരളത്തിനും വേണ്ടി ജീവിച്ച ഉമ്മൻചാണ്ടിയെന്ന ജനപക്ഷ നേതാവിന്റെ സേവനം തങ്ങൾ നെഞ്ചേറ്റുന്നു എന്നതാണ് പുതുപ്പള്ളി നൽകുന്ന പാഠം. കക്ഷി രാഷ്ട്രീയ ജാതിമത പരിഗണനകൾക്കതീതമായി ഊണും ഉറക്കവുമുപേക്ഷിച്ച്, സ്വന്തം ആരോഗ്യവും, കുടുംബത്തിനായുള്ള സമയം പോലും പരിഗണിക്കാതെ ജനങ്ങൾക്കായി അഹോരാത്രം പ്രവർത്തിച്ച നേതാവായിരുന്നു ഉമ്മൻചാണ്ടി. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പ് ഫലം സംസ്ഥാനം ഭരിക്കുന്ന ഇടതുമുന്നണി സർക്കാരിനുള്ള തിരിച്ചടികൂടിയായി മാറി.

മുഖ്യമന്ത്രി നേരിട്ട് മൂന്ന് തവണയും, മന്ത്രിമാർ, ഭരണ കക്ഷി എം.എൽ.എ മാർ, പാർട്ടി സംവിധാനങ്ങൾ അരയും തലയും മുറുക്കി പ്രവർത്തിച്ചിട്ടും ഇടതു മുന്നണിക്ക് ജയിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല ചാണ്ടി ഉമ്മന്റെ ഭൂരിപക്ഷം റിക്കാർഡായി മാറുകയും ചെയ്തിട്ടുണ്ടെങ്കിൽ ഈ തിരഞ്ഞെടുപ്പിന്റെ തുടക്കത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതുപോലെ ഈ തിരഞ്ഞെടുപ്പ് ഫലം സംസ്ഥാന സർക്കാരിന്റെ വിലയിരുത്തൽ കൂടിയാവുമെന്നതും കൂട്ടി വായിക്കുമ്പോൾ നിസ്സംശയം പറയാം ചാണ്ടി ഉമ്മന്റെ വിജയം പിണറായി സർക്കാരിനുള്ള ജനങ്ങളുടെ താക്കീതാണെന്ന്. ഉമ്മൻചാണ്ടിയെന്ന നേതാവിനെ അകാരണമായി വേട്ടയാടിയവർക്കുള്ള മറുപടികൂടിയാണിത്. അധികാരം പിടിച്ചെടുക്കാൻ എന്ത് വൃത്തികേടും കാട്ടിക്കൂട്ടുന്നവർക്കുള്ള മറുപടികൂടിയാണ് പുതുപ്പള്ളിയുടെ റിസൽട്ട്. തിരഞ്ഞെടുപ്പ് ഫലം പരിശോധിക്കുമ്പോൾ ഇടതു മുന്നണി സ്ഥാനാർത്ഥി സ്വന്തം ബൂത്തിൽ പോലും പിന്നിലാണ്. എൻഡിഎക്കാവട്ടെ കെട്ടിവെച്ച കാശും പോയി.

ഇടതു സർക്കാർ സംസ്ഥാനം ഭരിക്കുന്ന കാലത്ത് , മുൻപൊരു ഇടതു സർക്കാരും കേൾക്കാത്ത തരത്തിലുള്ള ആരോപണങ്ങളാണ് നേരിടേണ്ടി വരുന്നത്. അഴിമതി തന്നെയാണ് ഇതിലെ മുഖ്യ വിഷയം. മുഖ്യമന്ത്രിയുടെ ബന്ധുക്കൾ പോലും മാസപ്പടിയടക്കമുള്ള വിവാദങ്ങളിൽ കുടുങ്ങുന്നതും കേരളം ദർശിച്ചു. സംസ്ഥാനമാകട്ടെ ഓരോ ദിവസവും നിത്യച്ചിലവുകൾക്കായി ബുദ്ധിമുട്ടുകയാണ്. രണ്ടാം പിണറായി സർക്കാരിന്റെ മന്ത്രി സഭയിൽ ഒന്നാം പിണറായി സർക്കാരിലുണ്ടായിരുന്ന പരിണിത പ്രജ്ഞരായ മന്ത്രിമാർ ഉണ്ടായിരുന്നില്ല. ഇക്കാര്യങ്ങൾ ആ കാലത്തു തന്നെ മാധ്യമങ്ങൾ ഉന്നയിച്ചതാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സംസ്ഥാനം നേരിട്ട പ്രളയം, നിപ്പ, കോവിഡ് കാലങ്ങളെ നേരിട്ട അനുഭവ സമ്പത്തുള്ളവരുമായ മന്ത്രിമാരെയെല്ലാം മാറ്റിയാണ് രണ്ടാം പിണറായി സർക്കാർ രൂപം കൊണ്ടത്. ഇന്ന് സംസ്ഥാനത്ത് അസംതൃപ്തിയില്ലാത്ത ഒരു മേഖലയുമില്ല എന്നതാണ് വസ്തുത. ഇക്കഴിഞ്ഞ ദിവസം പുറത്തു വന്ന സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ ചുമതലയേറ്റെടുത്ത പ്രധാനധ്യാപകരുടെ ദുരിതം ഒരു ദാഹരണം മാത്രം.

സർക്കാർ ജീവനക്കാരൊഴികെ മറ്റുള്ള വിഭാഗങ്ങളിലുള്ളവരുടെ സ്ഥിതി പ്രയാസം നിറഞ്ഞതാണെന്ന് അവർ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ചെറുകിട വ്യാപാരികൾ അവരുടെ ദുരിതം പറയുന്നുണ്ട്. ഇത്തരം ജനങ്ങളുടെ പ്രയാസം ദൂരീകരിക്കുന്നതിനാണ് സർക്കാർ മുൻകൈയ്യെടുക്കേണ്ടത്. ആൾക്കൂട്ടത്തിനിടയിൽ നിന്ന് വെള്ളം പോലും ശരിക്ക് കുടിക്കാതെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരിശ്രമിച്ച ഉമ്മൻചാണ്ടിയെന്ന മുഖ്യമന്ത്രിയെവിടെ, ഡസനോളം വാഹനങ്ങളുടെ അകമ്പടിയിൽ സഞ്ചരിക്കുന്ന മുഖ്യമന്ത്രിയെവിടെ, ജനം ഇതെല്ലാം കാണുന്നുണ്ട്. ജനങ്ങളുടെ പ്രശ്ന പരിഹാരത്തിന് ചെപ്പടിവിദ്യ നടക്കില്ലെന്ന നല്ല തിരിച്ചറിവുളളവരാണ് കമ്യൂണിസ്റ്റുകൾ. അതുകൊണ്ടു തന്നെ ആ ദിശയിൽ പ്രവർത്തന പദ്ധതിയുണ്ടാക്കില്ലെങ്കിൽ പുതുപ്പള്ളികൾ ഇനിയും ആവർത്തിക്കപ്പെടുമെന്ന് ഇടതുമുന്നണി നേതൃത്വവും, വിശിഷ്യാ സിപിഎം നേതൃത്വവും തിരിച്ചറിയണം. ചാണ്ടി ഉമ്മന്റെ ഉത്തര ഉത്തരവാദിത്തം വളരെ വലുതാണ്. പിതാവിന്റെ പാതയിൽ ജനങ്ങൾക്കായി അദ്ദേഹവും ചരിക്കട്ടെ എന്നാശംസിക്കുന്നു.

# ഗതാഗത നിയമ ലംഘനം കണ്ടെത്താൻ എഐ ഡ്രോൺ കാമറകൾ വരുന്നു



കൊച്ചി: ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്താൻ എഐ ഡ്രോൺ കാമറകൾ ഉപയോഗിക്കുമെന്ന് ഗതാഗത, റോഡ് സുരക്ഷാ കമ്മിഷണർ എസ് ശ്രീജിത്ത്. ഒരു ജില്ലയിൽ പത്തെണ്ണം വീതം സംസ്ഥാനമൊട്ടാകെയുള്ള ഉപയോഗത്തിനു 140 ഡ്രോൺ കാമറകൾ ഉപയോഗിക്കാനാണ് ശ്രമം. ഭാരമേറിയ എഐ കാമറകൾ ഘടിപ്പിക്കാൻ ശേഷിയുള്ള പ്രത്യേക ഡ്രോണുകൾ നിർമിക്കാൻ വിവിധ ഏജൻസികളുമായി മോട്ടർ വാഹന വകുപ്പു ചർച്ച തുടരുകയാണെന്ന് ശ്രീജിത് അറിയിച്ചു. ഡ്രോൺ നിയന്ത്രണത്തിനുള്ള സംവിധാനം സജ്ജമാക്കിയ വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിട്ട ശേഷം 5 കിലോമീറ്റർ ചുറ്റളവിലെ റോഡുകളിൽ നിരീക്ഷണം നടത്തി നിയമലംഘനങ്ങൾ കണ്ടെത്തുകയാണു ചെയ്യുക. നിലവിൽ എഐ കാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ വിവിധ ആപ്പുകൾ മുഖേന കണ്ടെത്തി അവിടെ മാത്രം നിയമാനുസൃതം വാഹനം ഓടിക്കുകയും ഈ മേഖല മറികടന്നാൽ നിയമലംഘനം നടത്തുകയും ചെയ്യുന്ന പ്രവണതയ്ക്കു തടയിടാനാണു ഡ്രോൺ എഐ ക്യാമറകൾ ഉപയോഗിക്കുക. എഐ കാമറകൾ കണ്ടെത്തുന്ന നിയമലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അപ്പീൽ സമർപ്പിക്കാൻ പോർട്ടൽ ആരംഭിക്കുമെന്നും ശ്രീജിത് പറഞ്ഞു.

## ഐജി ലക്ഷ്മണിനെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: മോൻസൻ മാവുങ്കൽ പ്രതിയായ സാമ്പത്തിക തട്ടിപ്പു കേസിൽ ഗൂഢാലോചനക്കുറ്റം ചുമത്തി ക്രൈംബ്രാഞ്ച് അറസ്റ്റു ചെയ്ത ഐജി ജി ലക്ഷ്മണിനെ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തു. ഗുരുതരമായ പെരുമാറ്റദൂഷ്യം നടത്തിയ ഐജിക്കെതിരെ ശക്തമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ഡിജിപി ആഭ്യന്തര വകുപ്പിനോട് ശുപാർശ ചെയ്തിരുന്നു. ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തെങ്കിലും ഹൈക്കോടതി ഇടക്കാല ജാമ്യം അനുവദിച്ചതിനാൽ ലക്ഷ്മണിനെ ജാമ്യത്തിൽ വിട്ടിരുന്നു. കേസിലെ നാലാം പ്രതിയാണ് ലക്ഷ്മൺ.മോൻസൻ നടത്തിയ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിൽ ലക്ഷ്മൺ നേരിട്ടു പങ്കാളിയായതോടെയാണ് കേസിൽ പ്രതിയായത്. യാക്കൂബ് പുറായിൽ, എം ടി മീർ, സിദ്ദീഖ് പുറായിൽ, അനൂപ് വി ഹമ്മദ്, സലീം എടത്തിൽ, ഷാനിമോൻ എന്നിവർ നൽകിയ പരാതിയിലാണ് ക്രൈംബ്രാഞ്ച് കേസെടുത്തത്.

## സഹോദരിമാർ പൊള്ളലേറ്റ് മരിച്ച സംഭവം കൊലപാതകം

പാലക്കാട്: ഷൊർണൂർ കൂനത്തറയിൽ സഹോദരിമാർ പൊള്ളലേറ്റ് മരിച്ച സംഭവം കൊലപാതകമെന്ന് പൊലീസ്. കവർച്ച ശ്രമത്തിനിടെയാണ് കൊലപാതകം നടന്നത്. വീട്ടിൽ തീ ഉയർന്നതിനു പിന്നാലെ ഇറങ്ങിയോടിയ പട്ടാമ്പി സ്വദേശിയായ മണികണ്ഠനാണ് കൊലപാതകം നടത്തിയത്. ഇയാൾ കുറ്റം സമ്മതിച്ചതായി പൊലീസ് പറഞ്ഞു. നീലാമലക്കുന്ന് സ്വദേശിനികളായ പത്മിനി, തങ്കം എന്നിവരാണ് ഇന്നലെ ഉച്ചയോടെയാണ് പൊള്ളലേറ്റ് മരിച്ച നിലയിൽ കണ്ടെത്തിയത്. വീട്ടിൽ തീ ഉയരുന്നത് കണ്ടാണ് നാട്ടുകാർ ഓടിയെത്തിയത്. അഗ്നിരക്ഷാസേനയെത്തി തീയണക്കാൻ ശ്രമിക്കുമ്പോഴാണ് ഒരാൾ വീട്ടിൽനിന്ന് പുറത്തിറങ്ങിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടത്. തീപ്പൊള്ളലേറ്റിട്ടില്ലെങ്കിലും ഇയാളുടെ മുഖമുൾപ്പെടെ മുറിവേറ്റ് രക്തം ഒഴുകുന്ന നിലയിലായിരുന്നു. തുടർന്ന് ഇയാളെ പിടിച്ച് പൊലീസിൽ ഏൽപ്പിക്കുകയായിരുന്നു.

# മയക്കുമരുന്ന് സംഘം സഞ്ചരിച്ച കാർ മറിഞ്ഞു; ഒരാൾ പിടിയിൽ

കോഴിക്കോട്: കൊടുവള്ളിയിൽ മയക്കുമരുന്ന് വിൽപന സംഘം സഞ്ചരിച്ച ആഡംബര കാർ മറിഞ്ഞു.

കാറിൽനിന്ന് എം.ഡി.എം.എയും ത്രാസും പിടിച്ചെടുത്തു. സംഭവത്തിൽ കാറിലുണ്ടായിരുന്ന ഒരാളെ പിടികൂടി. മറ്റൊരാൾ രക്ഷപ്പെട്ടിട്ടുണ്ട്. ആവിലോറ പാറക്കണ്ടി മുക്കിൽ ഇന്ന് പുലർച്ചെയാണു സംഭവം. മയക്കുമരുന്ന് വിൽപന സംഘം സഞ്ചരിച്ച കാർ വീട്ടുമുറ്റത്തേക്കു മറിയുകയായിരുന്നു. താഴ്ചയിലേക്കാണു കാർ പതിച്ചത്.

ശബ്ദം കേട്ട് വീട്ടുകാർ ഓടിയെത്തിയപ്പോഴാണ് കാറിനകത്ത് രണ്ടുപേർ കിടക്കുന്നു കണ്ടത്.

തുടർന്നു നടത്തിയ പരിശോധനയിലാണ് കാറിൽ മയക്കുമരുന്ന് ഉൾപ്പെടെ കണ്ടെത്തുന്നത്. നാട്ടുകാർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പൊലീസ് സ്ഥലത്തെത്തി. കാറിൽനിന്ന് എം.ഡി.എം.എയും ഇലക്ട്രിക് ത്രാസും ഉൾപ്പെടെ പിടിച്ചെടുത്തു. വെഴുപ്പൂർ ചുണ്ട കുന്നുമ്മൽ അനുവിന്ദ് ആണ് പൊലീസിന്റെ പിടിയിലായത്. കത്തറമ്മൽ പുത്തൻപീടികയിൽ ഹബീബ് റഹ്മാൻ രക്ഷപ്പെടുകയും ചെയ്തു. ഇയാൾക്കായി തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്.

## നയന സൂര്യന്റെ മരണം കൊലപാതകമല്ല; ആത്മഹത്യയോ രോഗമോ ആണെന്ന് മെഡിക്കൽ റിപ്പോർട്ട്

തിരുവനന്തപുരം: സംവിധായിക നയന സൂര്യന്റെ മരണം കൊലപാതകമല്ലെന്ന് ഉറപ്പിച്ച് മെഡിക്കൽ ബോർഡ് റിപ്പോർട്ട്. മയോകാർഡിയൽ ഇൻഫ്രാക്ഷനാണ് മരണകാരണമെന്നും എന്നാൽ അതിലേക്ക് നയിച്ചത് എന്താണെന്ന് വ്യക്തമാകുന്നില്ലെന്നും ക്രൈംബ്രാഞ്ചിന് കൈമാറിയ റിപ്പോർട്ടിൽ പറയുന്നു. ഇതോടെ ആത്മഹത്യയോ രോ?ഗം മൂലമുള്ള മരണമോ എന്ന് കണ്ടെത്താനാകുന്നില്ലെന്ന റിപ്പോർട്ട് നൽകി അന്വേഷണം അവസാനിപ്പിക്കാനാണ് ക്രൈംബ്രാഞ്ചിന്റെ തീരുമാനം.2019 ഫെബ്രുവരി 24നാണ് നയനയെ തിരുവനന്തപുരത്തെ വാടകവീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ നയനയുടെ കഴുത്തിലും അടിവയറ്റിലും മുറിവുകൾ കണ്ടെത്തിയിരുന്നു. എന്നാൽ ആ പരിക്കുകൾ മരണത്തിന് കാരണമായിട്ടില്ലെന്ന് മെഡിക്കൽ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ആത്മഹത്യയോ രോഗം മൂലമോ എന്ന രണ്ട് സാധ്യതകളാണ് റിപ്പോട്ടിൽ പറയുന്നത്.രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറഞ്ഞ് ബോധരഹിതയായി നേരത്തെ അഞ്ച് തവണ നയനയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അന്നൊക്കെ വളരെ പെട്ടെന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചതാണ് ജീവൻ രക്ഷപ്പെടാൻ കാരണം. അവസാന തവണ നയനയ്ക്ക് സമീപം ആരുമുണ്ടായിരുന്നില്ല. ഇതാകാം രോഗം മൂലമുള്ള മരണത്തിന്റെ പ്രധാന സാധ്യത.നയന ഇൻസുലിനും വിഷാദ രോ?ഗത്തിനുള്ള മരുന്നുകളും സ്ഥിരമായി കഴിച്ചിരുന്നു. ഇതിന്റെ അമിതോപയോഗവും മരണത്തിന് തൊട്ടടുത്ത ദിവസങ്ങളിൽ ഗൂഗിളിൽ മരണത്തിന് ശേഷമുള്ള ജീവിതത്തെ കുറിച്ച് തിരഞ്ഞതും ആത്മഹത്യയാണെന്ന് പറയാനുള്ള സാധ്യതയായി കാണുന്നു. ഹൃദയസ്തംഭനത്തിന് സമാനമായ അവസ്ഥയാണ് മയോകാർഡിയൽ എന്ന് മെഡിക്കൽ വിദഗ്ധർ പറയുന്നു. ഇത് മൂലം പെട്ടന്ന് മരണ സംഭവിക്കില്ല. രണ്ടുമണിക്കൂർ മുതൽ ആറ് മണിക്കൂർ വരെ സമയം എടുത്ത് മരണം സംഭവിച്ചതാകാമെന്നാണ് നിഗമനം.

## 'പൊലീസിനെതിരായ കേസ് പിൻവലിക്കണം'; ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിൽ ഭാരതിയമ്മയ്ക്കു ഭീഷണി

പാലക്കാട്: മോഷണക്കേസിൽ ആളുമാറി അറസ്റ്റ് ചെയ്ത പാലക്കാട്ടെ ഭാരതിയമ്മയ്ക്ക് പൊലീസിന്റെ ഭീഷണി. കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഭീഷണിയെന്ന് സഹോദരന്റെ പരാതി. വീട്ടിലെത്തിയ പൊലീസ് ഉദ്യോഗസ്ഥർ പരാതിയില്ലെന്ന് എഴുതിനൽകാൻ ആവശ്യപ്പെട്ടെന്ന് സഹോദരൻ ഡി.ജി.പിക്കു നൽകിയ പരാതിയിൽ പറഞ്ഞു.തന്നെ അറസ്റ്റ് ചെയ്ത പൊലീസുകാർക്കെതിരെ നടപടി ആവശ്യപ്പെട്ട് ഭാരതിയമ്മ നേരത്തെ പരാതി നൽകിയിരുന്നു. പൊലീസ് വീട്ടിലെത്തി ഒരു കുറിപ്പിൽ ഒപ്പിടാൻ ആവശ്യപ്പെടുകയായിരുന്നു. പൊലീസുകാർക്കെതിരെ ഒരു നടപടിയും പാടില്ലെന്നായിരുന്നു കുറിപ്പിലുണ്ടായിരുന്നത്. എന്നാൽ, ഒപ്പിടാൻ ഇവർ കൂട്ടാക്കിയില്ല. തുടർന്നു സഹോദരനെ വിളിച്ചുവരുത്തുകയായിരുന്നു. അതേസമയം, ആരോപണം തള്ളി പൊലീസ് രംഗത്തെത്തിയിട്ടുണ്ട്. ഭീഷണിപ്പെടുത്തിയിട്ടില്ലെന്ന് പൊലീസ് പ്രതികരിച്ചു.1998ലായിരുന്നു കേസിനാസ്പദമായ സംഭവം. യഥാർത്ഥ പ്രതി ജാമ്യത്തിലിറങ്ങി മുങ്ങിയതിനു പിന്നാലെ പൊലീസ് കുനിശ്ശേരി സ്വദേശി ഭാരതിയമ്മയെ അറസ്റ്റ് ചെയ്യുകയായിരുന്നു. ഭാരതിയമ്മയെ പരാതിക്കാർ തന്നെ തിരിച്ചറിഞ്ഞ് ഒടുവിൽ വെറുതെവിടുകയായിരുന്നു. നിരപരാധിത്വം തെളിയിക്കാൻ നാലു വർഷമാണ് ഭാരതിയമ്മയ്ക്ക് കോടതി കയറിയിറങ്ങേണ്ടി വന്നത്.സംഭവത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശയുണ്ടായിരുന്നു. ഭാരതിയമ്മയെ ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിലാണ് ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ നൽകിയത്. ഭാരതിയമ്മ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

# കാർഗോ ബസുമായി കെഎസ്ആർടിസി

തിരുവനന്തപുരം: കൊറിയർ സർവീസ് വിജയമായതിന് പിന്നാലെ കെഎസ്ആർടിസി കാർഗോ ബസിറക്കുന്നു.

കൊറിയർ ആൻഡ് ലോജിസ്റ്റിക്സിന്റെ ഭാഗമായി തിരുവനന്തപുരത്ത് നിന്ന് കാസർകോട്ടേക്കും തിരിച്ചും സർവീസ് നടത്തും. വ്യാപാരികളെ ലക്ഷ്യമിട്ടാണ് പുതിയ സർവീസ്. നിലവിൽ 45 ഡിപ്പോകളിൽ ഫ്രണ്ട് ഓഫീസ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഡിപ്പോയിലേക്കും ഇവ വ്യാപിപ്പിക്കാനാണ് തീരുമാനം. ബംഗളൂരുവിൽ പ്രവർത്തിച്ചിരുന്ന കൊറിയർ കളക്ഷൻ സെന്റർ താൽക്കാലികമായി അടച്ചിരുന്നു. ഇതുൾപ്പെടെ മൈസൂരു, തെങ്കാശി എന്നിവിടങ്ങളിലും കളക്ഷൻ സെന്റർ തുറക്കും.കെഎസ്ആർടിസിയുടെ ഒരു ഡിപ്പോയിൽ നിന്നും ഡിപ്പോയിലേക്കാണ് നിലവിലുള്ള സേവനം. അത് മേൽവിലാസക്കാരന് എത്തിക്കാനുള്ള നടപടി പുരോഗമിക്കുകയാണ്. കെഎസ്ആർടിസിയുമായി സഹകരിക്കാൻ നിരവധി സ്ഥാപനങ്ങളും സ്വകാര്യ ഏജൻസികളും സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഓണക്കാലത്ത് നിരവധി ആളുകൾ കെഎസ്ആർടിസിയുടെ കൊറിയർ സർവീസിനെ ആശ്രയിച്ചിരുന്നു. വരുമാനത്തിൽ 30 ശതമാനം ഇക്കാലയളവിൽ വർധിച്ചു.

# ലഹരി മാഫിയ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം ലഹരി നിർമാർജന സമിതി

കോഴിക്കോട് : നാടിന്റെ സ്വസ്ഥ ജീവിതത്തിന് ഭീഷണി സൃഷ്ടിച്ചുകൊണ്ട് ലഹരി മാഫിയാ സംഘങ്ങൾ പടി മുറുക്കുകയാണെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ അനാസ്ഥയും, അലംഭാവവും അവസാനിപ്പിച്ച് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ലഹരി നിർമാർജന സമിതി കോഴിക്കോട് സൗത്ത് ജില്ല കൺവെൻഷൻ ആവശ്യപ്പെട്ടു. എൽ എൻ എസ് സംസ്ഥാന ജനറൽ സെക്രട്ടറി പി എം കെ കാഞ്ഞിയൂർ കൺവെൻഷൻ ഉൽഘാടനം ചെയ്തു. പോലീസിന്റെത് ഉൾപ്പടെയുള്ള വാഹനങ്ങളും സമീപ വീടുകളും ആക്രമിച്ചു കേട് വരുത്തുകയും, നായകളെ അഴിച്ചു വിട്ട് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും, മാരകായുധങ്ങൾ ഉപയോഗിച്ചു നിരവധി പേരെ പരിക്കേല്പിക്കുയും ചെയ്തത് അതീവ ഗൗരവകരമാണ്. സർക്കാരിന്റെ അനാസ്ഥക്കെതിരെ ശക്തമായ സമരപരിപാടികളുമായി എൽ എൻ എസ് മുന്നോട്ട് പോകുമെന്നും കൺവെൻഷൻ താക്കീത് നൽകി. കളക്ടറേറ്റ് ധർണ ഉൾപ്പടെയുള്ള സമരപരിപാടികൾക്ക് യോഗം രൂപം നൽകി. ഇ കെ അബ്ദുൽ ലത്തീഫ് സ്വാഗതം പറഞ്ഞു. എ എം എസ് അലവി അദ്ധ്യക്ഷത വഹിച്ചു. മജീദ് അമ്പലക്കണ്ടി പ്രമേയം അവതരിപ്പിച്ചു.

ഷറഫുന്നിസ, ടി കെ സൗദ, സുബൈർ നെല്ലോളി, കാസിം പള്ളിത്താഴം, കെ കെ കോയ, എൻ കെ ബീച്ചിക്കോയ, ഖാദർ ചെറുവണ്ണൂർ, റുബീന, ആയിഷ ടി പി, നാസർ കാരടി, മഹാബൂബ് കോഴിപ്പള്ളി, കെ ടി റസാക്ക്, അഷറഫ് പി, അലി തച്ചംപൊയിൽ, അബ്ദുൽ റസാക്ക് പി, സൈനബ, സമീറ, റൂഖിയ പി പി, സുബൈദ, ഹത്തിക്കാബി, റസിയ എൻ, അബ്ദുൽ സലാം കൊടിയത്തൂർ, സുഹറാബി കെ പി, ജുമൈല, റംല പെരുവയൽ എന്നിവർ സംസാരിച്ചു.

## പുതുപ്പള്ളിയിൽ സഭകൾ കൈവിട്ടെന്ന് സിപിഐ, ഭരണ വിരുദ്ധ വികാരം ഉണ്ടായില്ലെന്ന് വിലയിരുത്തൽ

തിരുവനന്തപുരം: പുതുപ്പള്ളി തോൽവിക്ക് പിന്നിൽ ഭരണ വിരുദ്ധ വികാരം അല്ലെന്ന് വിലയിരുത്തി സിപിഐ. സഭകൾ കൈവിട്ടു. 2021 ൽ കിട്ടിയ ഓർത്ത്ഡോക്സ് യാക്കോബായ വോട്ടിൽ കുറവുണ്ടായി. മുന്നണി വോട്ടിൽ കുറവുണ്ടായിട്ടില്ലെന്നും പാർട്ടി വിലയിരുത്തി.

പുതുപ്പള്ളിയിലെ തോൽവിയെക്കുറിച്ച് മൺലത്തിൻറെ ചുമതലയുണ്ടായിരുന്ന സിപിഐഎം സംസ്ഥാന സെക്രട്ടേറിയേറ്റംഗം വി എൻ വാസവനും രംഗത്തെത്തി. ഇതിനേക്കാൾ വലിയ തോൽവി നേരെത്തെ നേരിട്ടിട്ടുണ്ട്. തോൽവിയിൽ ഞെട്ടലില്ല. സഹതാപ തരംഗം ആണ് പുതുപ്പള്ളിയിൽ ഉണ്ടായത്. തെരഞ്ഞെടുപ്പു നേരെത്തെ പ്രഖ്യാപിച്ചത് സംശയാസ്പദമാണ്. ബിജെപി കോൺഗ്രസ് ധാരണ ഇക്കാര്യത്തിൽ ഉണ്ടായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ബിജെപിയ്ക്ക് വോട്ട് കുറഞ്ഞതും ചേർത്ത് പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു. സിപിഎം വോട്ട് എവിടെയും ചോർന്നിട്ടില്ല. കാലങ്ങളായി ലഭിച്ച വോട്ട് കിട്ടി. തൻറെ ബൂത്തിൽ മാത്രം അല്ല എല്ലാ സ്ഥലത്തും വോട്ട് കുറഞ്ഞുവെന്നും വാസവൻ പറഞ്ഞു. മാസപ്പടി മറുപടി അർഹിക്കാത്ത വിഷയമാണ്. പുതുപ്പള്ളിയിൽ അതൊന്നും ബാധിച്ചില്ല. സർക്കാർ വിരുദ്ധ വികാരവും ഉണ്ടായില്ല. വ്യക്തിഹത്യ നടത്തിയെന്ന ചാണ്ടി ഉമ്മൻറെ ആരോപണം തെറ്റാണ്. വ്യക്തിഹത്യ തുടങ്ങിയത് കോൺഗ്രസ് പ്രവർത്തകരാണ്. ജെയ്ക്കിൻറെ ഭാര്യയ്ക്ക് നേരെ ആരോപണം ഉയർത്തി. ആരോടും അത് പാടില്ല എന്നാണ് നിലപാട്. സർക്കാർ എല്ലാ മണ്ഡലത്തിനും നൽകുന്ന പരിഗണന പുതുപ്പള്ളിക്കും നൽകും. വികസന കാര്യത്തിൽ രാഷ്ട്രീയം കലർത്തില്ലെന്നും അദ്ദേഹം പറഞ്ഞു.

# തൃശൂർ നഗരത്തിൽ വൻ സ്വർണ കവർച്ച

തൃശൂർ: തൃശൂർ നഗരത്തിൽ വൻ സ്വർണ കവർച്ച. കന്യാകുമാരിയിലേക്കു കൊണ്ടുപോവുകയായിരുന്ന മൂന്നര കിലോ സ്വർണാഭരണങ്ങൾ കാറിലെത്തിയ സംഘം തട്ടിയെടുത്തു. ഇന്നലെ അർധരാത്രിയാണ് സംഭവം.

ഡിപി പ്ലാസ കെട്ടിടത്തിലെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ഡിപി ചെയിൻസ് എന്ന സ്ഥാപനത്തിൽ നിന്നും നിർമ്മിച്ച മൂന്ന് കിലോ സ്വർണാഭരണങ്ങൾ കന്യാകുമാരി മാർത്താണ്ഡം ഭാഗത്തുള്ള ഷോപ്പുകളിലേക്ക് കൊണ്ട് പോകുന്നതിനായി റെയിൽവേസ്റ്റേഷനിലേക്ക് കൊണ്ടുപോകുമ്പോഴാണ് കാറിൽ എത്തിയ സംഘം തട്ടികൊണ്ടുപോയത്. ജ്വല്ലറിയിലെ ജീവനക്കാരായ കല്ലൂർ സ്വദേശി റിന്റോ , അരണാട്ടുകര സ്വദേശി പ്രസാദ് എന്നിവർ കൈയ്യിൽ സൂക്ഷിച്ചിരുന്ന ബാഗാണ് കാറിൽ എത്തിയ സംഘം തട്ടിയെടുത്തത്. വൈറ്റ് കളർ ഡിസൈർ കാറിൽ എത്തിയ സംഘമാണ് ആഭരണങ്ങൾ തട്ടിയെടുത്തതെന്ന് പറയുന്നു.

പണി കഴിപ്പിച്ച ആഭരണങ്ങൾ ആഴ്ചയിൽ ഒരു ദിവസം ചെന്നൈ എഗ്മോർ ട്രയിനിൽ പതിവായി കൊണ്ട് പോകാറ്. ഇത് അറിയാവുന്നവരാണ് കവർച്ചക്ക് പിന്നിലെന്നാണ് പൊലീസിന്റെ നിഗമനം. തൃശൂർ ഈസ്റ്റ് പൊലീസാണ് കേസ് അന്വേഷിക്കുന്നത്.



മുഹമ്മദ് റഫി റോയൽ മ്യൂസിക് അക്കാദമി ഏർപ്പെടുത്തിയ സൗജന്യ വീൽ ചെയർ വിതരണ ഉദ്ഘാടനം മന്ത്രി അഹമ്മദ് ദേവർ കോവിൽ നിർവഹിക്കുന്നു

## മാനവികതയും മഹാമനസ്കതയും ഉള്ളവർക്കെ കാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ കഴിയൂ മന്ത്രി അഹമ്മദ് ദേവർ കോവിൽ

കോഴിക്കോട്: മാനവികതയും മഹാമനസ്കതയും ഉള്ളവർക്കെ കാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ കഴിയൂവെന്ന് മന്ത്രി അഹമ്മദ് ദേവർ കോവിൽപറഞ്ഞു. ടൗൺ ഹാളിൽ നടന്ന ആസ്റ്റർ മിംസ് ചാരിറ്റബിൾ ട്രസ്റ്റ്, ഐ ഫൗണ്ടേഷൻ ചാരിറ്റബിൾ ട്രസ്റ്റ് എന്നിവരുടെ സഹകരണത്തോടെ മുഹമ്മദ് റഫി റോയൽ മ്യുസിക് അക്കാദമി ഏർപ്പെടുത്തിയ സൗജന്യ വീൽ ചെയർ വിതരണവും റഫി സംഗീത വിരുന്നും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചുറ്റുപാടുമുള്ള ദുർബലരായവരെ കാരുണ്യ പ്രവർത്തനങ്ങളിലൂടെ ചേർത്ത് പിടിക്കുകയെന്നത് സമൂഹത്തിന്റെ ഉത്തരവാദിത്വമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ഹോം ഓഫ് ലൗവ്ലെ സിസ്റ്റർമാരായ ആൻസ മരിയ , മേബിൾ എന്നിവർക്ക് മന്ത്രി വീൽ ചെയർ കൈമാറി വിതരണോദ്ഘാടനം നിർവ്വഹിച്ചു. മുഹമ്മദ് റഫി റോയൽ മ്യുസിക് അക്കാദമി പ്രസിഡന്റ് കെ കെ മുഹമ്മദ് അധ്യക്ഷത വഹിച്ചു. തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ മുഖ്യ പ്രഭാഷണം നടത്തി. എം പി പത്മനാഭൻ , ടി പി എം ഹാഷിറലി , എം വി കുഞ്ഞാമു, അസീം വെളിമണ്ണ, ബാബു അബ്ദുൽ ഗഫൂർ , ആസ്റ്റർ മിംസ് ചാരിറ്റബിൾ ട്രസ്റ്റ് മാനേജർ കെ വി മുഹമ്മദ് ഹാഷിം , ആസ്റ്റർ മിംസ് സി ഒ ഒ ലുക്മാൻ പൊന്മാടത്ത് , മിഷ്ഹാബ് കീഴരിയൂർ,എം പി ഹിസ്സത്ത് റിഫാൻ ഖാൻ,എം പി സൈഫ് ജിഫ്രി ഖാൻ എന്നിവർ സംസാരിച്ചു.

മുഹമ്മദ് റഫിക്ക് ഭാരത് രത്നം പ്രഖ്യാപിക്കണമെന്ന രാജ്യ വ്യാപകമായ ക്യാപയിന്റെ ഭാഗമായി നടത്തിയ സംഗീത വിരുന്നിൽ ഗായകരായ മെഹതാബ് അസീം കൊച്ചിൻ , സലീം കൊച്ചിൻ , ഇൻഹാം റഫീഖ് , സഹീർ ഒളവട്ടൂർ , റസാഖ് ഭായി കൊണ്ടോട്ടി,അക്ഷര വിശ്വനാഥ് എന്നിവർ വ്യത്യസ്ത വർഷങ്ങളിലെ റഫി ഗാനങ്ങൾ ആലപിച്ചു.

## സ്കൂൾ ഉച്ചഭക്ഷണ വിതരണ പദ്ധതി പരാജയം ഉത്തരവാദി സംസ്ഥാന സർക്കാർ, തമ്പാൻ തോമസ്

കോഴിക്കോട്: സ്കൂൾ ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ പരാജയം സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതക്ക് മകുടോദാഹരണമാണെന്ന് തമ്പാൻ തോമസ്. എക്സ്.എം.പി പറഞ്ഞു. പദ്ധതി തകർത്ത് സ്വകാര്യ ഏജൻസികൾ മുഖേന നടത്താൻ ചിലർ ശ്രമിക്കുന്നതായി അദ്ദേഹം ആരോപിച്ചു.

സ്കൂൾ പാചക തൊഴിലാളികളെ തൊഴിലാളിലകൾ എന്ന നിർവ്വചനത്തിൽ നിന്ന് നീക്കം ചെയ്ത് ഓണറേറിയം പറ്റുന്ന കൂലി അടിമകളായി പ്രഖ്യാപിക്കുന്ന ഗസറ്റ് നോട്ടിഫിക്കേഷൻ കേരള സർക്കാർ പുറപ്പെടുവിച്ചിരിക്കുകയാണ്. 2016ൽ ഉമ്മൻചാണ്ടി സർക്കാർ പാചകതൊഴിലാളികളെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി വേതനവും ക്ഷാമബത്തയും അടക്കം നിശ്ചയിച്ച് പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ റദ്ദാക്കികൊണ്ടാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാരിന്റെ ലേബർ കോഡിനെതിരെ ശബ്ദമുയർത്തുന്ന ഇടതുപക്ഷ സർക്കാർ ഈ വിഭാഗം തൊഴിലാളികളെ ദ്രോഹിക്കുന്നത് ഭൂഷണമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി തമിഴ്നാട് മോഡൽ കേരളത്തിലും നടപ്പാക്കണം.

സംസ്ഥാനത്ത് 14,000ത്തോളം തൊഴിലാളികളും, തമിഴ്നാട്ടിൽ ഒന്നരലക്ഷത്തോളം പേരുമാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്നത്. തമിഴ്നാട്ടിൽ ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തി ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. കേന്ദ്രവിഹിതമടക്കം ലഭിക്കുന്ന ഉച്ചഭക്ഷണ പദ്ധതി പാളിപോകുന്നത് കെടുകാര്യസ്ഥത കൊണ്ടാണ്.

സ്കൂൾ പാചക തൊഴിലാളി സംഘടന(എച്ച്എംഎസ്) സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടിയെ ഹൈക്കോടതിയിൽ ചോദ്യംചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ തമ്പാൻ തോമസ്, ടോമി മാത്യു, ജി.ഷാനവാസ്, ടി.കെ.ബാലൻ, മനോജ് സാരംഗി പങ്കെടുത്തു.

## കല്ല്യാണപന്തൽ പൊളിച്ചുമാറ്റുന്നതിനിടെ മൂന്ന്പേർ ഷോക്കേറ്റ് മരിച്ചു

ആലപ്പുഴ: കല്യാണപ്പന്തൽ പൊളിച്ചുമാറ്റുന്നതിനിടെ മൂന്ന്പേർ ഷോക്കേറ്റ് മരിച്ചു. തുഷാർ വെള്ളാപ്പള്ളിയുടെ മകളുടെ വിവാഹത്തിന് ഇട്ടതായിരുന്നു പന്തൽ. മൂന്ന് അതിഥിതൊഴിലാളികളാണ് മരിച്ചത്. ആലപ്പുഴ കണിച്ചുകുളങ്ങരയിലാണ് പന്തൽ പൊളിക്കുന്നതിനിടെ അപകടം. രണ്ട് പേർക്ക് പരുക്കേറ്റു.

# ലോകം ഡൽഹിയിൽ; ജി20 ഉച്ചകോടിക്ക് പ്രൗഢഗംഭീര തുടക്കം




## ജി20 ഉച്ചകോടി: മോദിയുടെ ഇരിപ്പിടത്തിലും ' ഭാരത്'

ന്യൂഡൽഹി: ഇന്ത്യയുടെ പേര് ' ഭാരത്' എന്ന് മാറ്റുമെന്ന അഭ്യൂഹങ്ങൾ ശക്തമാകുന്നതിനിടെ ജി 20 ഉച്ചകോടിയിലെ പ്രധാനവേദിയിൽ പ്രധാനമന്ത്രിയുടെ ഇരിപ്പിടത്തിന് മുന്നിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡിൽ ഇന്ത്യ എന്ന പേരിന് പകരം ഭാരത് ഇടംപിടിച്ചു. പ്രഗതി മൈതാനത്തെ ഭാരത് മണ്ഡപത്തിൽ ലോകനേതാക്കളുടെ സാന്നിധ്യത്തിൽ നടന്ന ഉദ്ഘാടനത്തിലാണ് ജി 20 ലോഗോയുള്ള ബോർഡിൽ ' ഭാരത്' എന്ന് എഴുതിയിരിക്കുന്നത്. ഇതിനൊപ്പം ദേശീയപതാകയും സ്ഥാപിച്ചിട്ടുണ്ട്.ജി 20 ഉച്ചകോടിക്കെത്തുന്ന രാഷ്ട്ര നേതാക്കൾക്ക് രാഷ്ട്രപതി നൽകുന്ന വിരുന്നിനുള്ള ക്ഷണക്കത്തിൽ പ്രസിഡന്റ് ഓഫ് ഭാരത് എന്നായിരുന്നു എഴുതിയിരുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇൻഡോനേഷ്യൻ സന്ദർശനവുമായി ബന്ധപ്പെട്ട കുറിപ്പിൽ പ്രൈം മിനിസ്റ്റർ ഓഫ് ഭാരത് എന്ന് രേഖപ്പെടുത്തിയതും ചർച്ചയായിരുന്നു. ഭരണഘടനയിൽ നിന്ന് ഇന്ത്യ എന്ന വാക്ക് ഒഴിവാക്കി പകരം ഭാരത് എന്ന് ഉപയോഗിക്കാൻ ആലോചന നടക്കുന്നതായുള്ള വാർത്ത കഴിഞ്ഞയിടയ്ക്കാണ് പുറത്തുവന്നത്.അതേസമയം, ജി 20 രാജ്യങ്ങളുടെ കൂട്ടായ്മയിൽ ആഫ്രിക്കൻ യൂണിയനും സ്ഥിരാംഗത്വം ലഭിച്ചു. 55 അംഗരാജ്യങ്ങളുള്ള ആഫ്രിക്കൻ യൂണിയന് യൂറോപ്യൻ യൂണിയന്റെ അതേസ്ഥാനമാണ് ലഭിക്കുക. ഇതോടെ ജി20, ജി21 കൂട്ടായ്മയാകും.

ന്യൂഡൽഹി: രാജ്യം കാത്തിരുന്ന ജി20 ഉച്ചകോടിക്ക് തുടക്കമായി. ഡൽഹി പ്രഗതി മൈതാനിയിലെ ഭാരത് മണ്ഡപം കൺവൻഷൻ സെന്ററിൽ ഇന്ത്യയുടെ അധ്യക്ഷതയിൽ ലോകനേതാക്കൾ ഒത്തുചേരുമ്പോൾ രാജ്യത്തിന് അത് അഭിമാന നിമിഷങ്ങളാകും. വിവി.ഐ.പികളെ സ്വീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരത്തെ തന്നെ സ്ഥലത്തെത്തിയിരുന്നു. 10.30ന് ഉദ്ഘാടനത്തിന് ശേഷം 'ഒരു ഭൂമി' എന്ന വിഷയത്തിൽ ചർച്ച നടക്കും. ഉച്ചയ്ക്ക് ശേഷം 'ഒരു കുടുംബം' എന്ന വിഷയത്തിലും ചർച്ച നടക്കും. ഞായറാഴ്ച ഭാവിയെക്കുറിച്ചുള്ള ചർച്ചകൾ നടക്കും. ചടങ്ങിൽ സംബന്ധിക്കാനുള്ള ലോകനേതാക്കൾ ഇന്നലെ കാലത്തും രാത്രി വൈകിയുമായി ഡൽഹിയിലെത്തിയിരുന്നു. ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദയും യു.കെ പ്രധാനമന്ത്രി റിഷി സുനകും അർജന്റീന പ്രസിഡന്റ് ആൽബർട്ടോ ഫെർണാണ്ടസും ഇന്നലെ ഉച്ചയോടെ എത്തി. യു.എസ് പ്രസിഡന്റ് ജോ ബൈഡൻ, ചൈനീസ് പ്രീമിയർ ലി കിയാങ്, ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബാനീസ് എന്നിവർ ഇന്നലെ വൈകീട്ടും രാത്രിയുമായാണ് എത്തിയത്. ബൈഡനെ കേന്ദ്ര വ്യോമയാന മന്ത്രി വി.കെ സിങ്ങിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ്, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡിസിൽവ, കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ, ഇന്തോനേഷ്യൻ പ്രസിഡന്റ് ജോക്കോ വിഡോഡോ, സൗദി അറേബ്യ കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ, ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമഫോസ, ദക്ഷിണ കൊറിയൻ പ്രസിഡന്റ് യൂൻ സുക്യോൾ, തുർക്കി പ്രസിഡന്റ് തയ്യിബ് ഉർദുഗാൻ, യൂറോപ്യൻ കമ്മിഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ, യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് ചാൾസ് മൈക്കൽ, ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽസിസി, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, നെതർലൻഡ്സ് പ്രധാനമന്ത്രി മാർക്ക് റുട്ടെ, നൈജീരിയൻ പ്രസിഡന്റ് ബോല ടിനുബു, ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക് അൽ സെയ്ദ്, സിംഗപ്പൂർ പ്രധാനമന്ത്രി ലീ സിയാൻ ലൂങ് തുടങ്ങിയവരും ഉച്ചകോടിയിൽ പങ്കെടുക്കും




# മൊറോക്കോയിൽ വൻ ഭൂകമ്പം; 632 മരണം,

## ഒട്ടേറെ ചരിത്ര സ്മാരകങ്ങൾ തകർന്നു

ന്യൂഡൽഹി: മൊറോക്കോയിൽ റിക്ടർ സ്കെയിലിൽ 6.8 തീവ്രത രേഖപ്പെടുത്തിയ അതിശക്തമായ ഭൂചലനം. ഭൂകമ്പത്തിൽ 632 പേർ മരിക്കുകയും 300ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

മറക്കാഷ് നഗരത്തിലാണ് രാജ്യത്തെ വിറപ്പിച്ച ഭൂകമ്പമുണ്ടായത്. 18.5 കിലോ മീറ്റർ ആഴത്തിലാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. രാത്രി 11:11ന് ഉണ്ടായ ഭൂചലനം സെക്കൻഡുകൾ നീണ്ടുനിന്നു. റിക്ടർ സ്കെയിലിൽ ഏഴ് തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമാണുണ്ടായത് മൊറോക്കൻ നാഷണൽ സീസ്മിക് മോണിറ്ററിങ് അലേർട്ട് നെറ്റ്‌വർക്ക് സിസ്റ്റം അറിയിച്ചു. എന്നാൽ, യു.എസ് ജിയോളജിക്കൽ സർവേയുടെ കണക്ക് പ്രകാരം റിക്ടർ സ്കെയിലിൽ 6.8 ആണ് ഭൂചലനത്തിന്റെ തീവ്രത.ഭൂചലനത്തെ തുടർന്ന് മൊറോക്കയിൽ റസ്റ്ററന്റുകളിൽ നിന്നും പബ്ബുകളിൽ നിന്നും ആളുകളെ ഒഴിപ്പിക്കുന്ന ദൃശ്യങ്ങൾ ഉൾപ്പടെ പുറത്ത് വന്നിട്ടുണ്ട്. ചരിത്ര നഗരമായ മറാക്കഷിലെ ചില ഭാഗങ്ങൾക്ക് കേടുപാട് പറ്റിയെന്നും റിപ്പോർട്ടുണ്ട്.

ഭൂകമ്പത്തി തകർന്ന കെട്ടിടങ്ങൾ



## ഉച്ചഭക്ഷണ പദ്ധതി വിവാദം; വീഴ്ച കേരളത്തിന്റേത്, 'കേന്ദ്രം 132 കോടി കൈമാറിയിരുന്നു'

ന്യൂഡൽഹി: സ്കൂൾ ഉച്ചഭക്ഷണ പദ്ധതി വിവാദത്തിൽ കേരള സർക്കാരിന്റെ വാദം തള്ളി കേന്ദ്രം.

പിഎം പോഷൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര വിഹിതമായ 132.9 കോടി രൂപ സംസ്ഥാനത്തിനു കൈമാറിയിരുന്നു. സംസ്ഥാന വിഹിതമായ 76.78 കോടി രൂപയും ഉൾപ്പെടെ സംസ്ഥാന നോഡൽ അക്കൗണ്ടിലേക്ക് മാറ്റാത്തതിനാൽ കൂടുതൽ തുക നൽകാനാകില്ലെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വ്യക്തമാക്കി.

കേന്ദ്രസഹായമുള്ള ഏതു പദ്ധതിയിലും ധനസഹായം നോഡൽ ഓഫീസറുടെ അക്കൗണ്ടിലേക്കു കൈമാറണം. ഇതിനു പുറത്തുള്ള ഒരു പണമിടപാടും അനുവദിക്കില്ല. കേന്ദ്ര വിഹിതത്തിന്റെ പലിശയായി 20.19 ലക്ഷവും നോഡൽ ഓഫീസിൽ നിക്ഷേപിക്കേണ്ടതുണ്ട്. 202324 വർഷത്തെ പിഎം പോഷൺ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കാൻ ഇക്കാര്യങ്ങൾ നിർദേശിച്ച് ആഗസ്റ്റ് എട്ടിന് പിഎം പോഷൺ സെക്ഷൻ ഓഫീസർ സംസ്ഥാന സർക്കാരിന് ഇമെയിൽ അയച്ചിരുന്നുവെന്നും മന്ത്രാലയം പറയുന്നു.

ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ട് വിതരണത്തിലെ പ്രതിസന്ധിയ്ക്ക് കാരണം കേന്ദ്രത്തിന്റെ വീഴ്ചയാണെന്ന് സംസ്ഥാന വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി കഴിഞ്ഞ ദിവസം ചൂണ്ടിക്കാട്ടിയിരുന്നു. ഉച്ചഭക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് നടപ്പിലാക്കപ്പെടുന്നത്.

ചട്ടങ്ങൾ പ്രകാരം, പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭക്ഷ്യധാന്യവും നടത്തിപ്പ് ചെലവിന്റെ 60 ശതമാനവും സംസ്ഥാനങ്ങൾക്ക് നൽകേണ്ടത് കേന്ദ്ര സർക്കാരാണ്.

എന്നാൽ പദ്ധതിയിൽ പിഎഫ്എംഎസ് നിർബന്ധമാക്കിയ 2021-22 വർഷം മുതൽ സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട കേന്ദ്ര വിഹിതം അനുവദിക്കുന്നതിൽ വലിയ കാലതാമസമാണ് കേന്ദ്രസർക്കാർ വരുത്തുന്നതെന്നും മന്ത്രി പറഞ്ഞു.

## മഴയത്തും വോട്ടർമാർക്കു നന്ദി പറഞ്ഞ് ചാണ്ടി ഉമ്മന്റെ യാത്ര

കോട്ടയം: വിജയത്തിൽ സമ്മതിദായകർക്ക് നന്ദി പറഞ്ഞ് ചാണ്ടി ഉമ്മൻ മണ്ഡലത്തിൽ പദയാത്ര ആരംഭിച്ചു.

വിജയം കഴിഞ്ഞിറങ്ങിയ പകൽ മണ്ഡലത്തിലുടനീളം സഞ്ചരിക്കാനാണ് ചാണ്ടി തീരുമാനിച്ചത്. പതിവ് ശൈലി തെറ്റിക്കാതെ നഗ്നപാദനായാണ് സഞ്ചാരം. വാകത്താനം മുതൽ അകലകുന്നം വരെ 35 കിലോമീറ്റർ ദൂരമാണ് ഇന്നത്തെ യാത്ര. യാത്ര തുടങ്ങിയപ്പോൾ മഴയും തുടങ്ങി. എന്നാൽ അതെല്ലാം അവഗണിച്ചാണ് യാത്ര.പുതുപ്പള്ളിയിൽ പിതാവിൻറെ സ്വപ്നം സാക്ഷാത്കരിക്കുമെന്നാണ് ചാണ്ടി ഉമ്മൻ പറഞ്ഞത്. വികസനത്തിൻറെയും കരുതലിൻറെയും തുടർച്ചയാണ് ഉണ്ടാകുകയെന്ന് ചാണ്ടി ഉമ്മൻ മീഡിയവണിനോട് പറഞ്ഞു. മണ്ഡലത്തിലെ പ്രവർത്തനങ്ങളിലും ഉമ്മൻ ചാണ്ടി ശൈലി പിന്തുടരും. പിതാവിന്റെ സ്വപ്നസാക്ഷാത്കാരമാണ് പ്രധാന പരിഗണനയെന്നും അദ്ദേഹം വ്യക്തമാക്കി.പുതുപ്പള്ളിയുടെ മനസ് പൂർണമായി തനിക്കൊപ്പമുണ്ടെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു. ഭൂരിപക്ഷം എന്നത് സാങ്കേതികത്വം മാത്രമാണ്. വികസന തുടർച്ചയായാണ് പുതുപ്പള്ളിയിലെ പുതിയ ദൗത്യം. അതു യാഥാർത്ഥ്യബോധത്തോടെ ഏറ്റെടുക്കുന്നു. ബി.ജെ.പി വോട്ട് ലഭിച്ചോയെന്ന ചോദ്യത്തോട് സി.പി.എമ്മിന്റെ വോട്ട് എവിടെപ്പോയി എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. വികസന തുടർച്ചയായാണ് പുതുപ്പള്ളിയിലെ പുതിയ ദൗത്യം. അതൊരു വലിയ വെല്ലുവിളിയാണ്. അത് യാഥാർത്ഥ്യബോധത്തോടെ ഏറ്റെടുക്കുന്നു. നമുക്ക് ഒരുമിച്ചു നീങ്ങാമെന്നാണ് പുതുപ്പള്ളിയുടെ വികസനത്തെ കുറിച്ച് വിഷമിച്ചിരുന്ന ഇടതുപക്ഷത്തെ സഹപ്രവർത്തകരോട് ആവശ്യപ്പെടാനുള്ളത്. പുതുപ്പള്ളിയുടെ വികസന സ്വപ്നങ്ങൾ നമുക്ക് ഒന്നിച്ചു നിന്ന് യാഥാർത്ഥ്യമാക്കാം. വികസനം പലതും മുന്നോട്ടു കൊണ്ടുപോകാനുണ്ട്. അതിന് ഇടതുപക്ഷത്തിന്റെയും പിന്തുണ ആവശ്യമാണെന്നും ചാണ്ടി പറഞ്ഞു.ഏറ്റവും വലിയ ആഗ്രഹം പുതുപ്പള്ളി



യിലൊരു സൂപ്പർ സ്പെഷാലിറ്റി ആശുപത്രിയെന്ന അപ്പയുടെയും സ്വപ്നമാണെന്നും അദ്ദേഹം വെളിപ്പെടുത്തി. അത് കേരളത്തിനു മുഴുവൻ ഗുണമായി വരും. സ്ഥലമേറ്റെടുത്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു.പുതുപ്പള്ളിയിൽ എം.എൽ.എ ഓഫിസില്ലാത്ത വിമർശനം ചൂണ്ടിക്കാണിച്ചപ്പോൾ അക്കാര്യത്തിൽ സമയമാകുമ്പോൾ തീരുമാനമാകുമെന്നായിരുന്നു മറുപടി. ഇവിടെ ഓഫിസ് ഇല്ലാത്തതിന് ഉമ്മൻ ചാണ്ടിക്ക് എന്തെങ്കിലും യുക്തിയുണ്ടായിരിക്കണം. ഓഫിസ് ഉണ്ടാകുന്നതിനെക്കാളും കാര്യക്ഷമമായാണ് അദ്ദേഹം പ്രവർത്തിച്ചതെന്നും ചാണ്ടി കൂട്ടിച്ചേർത്തു.

## മുഖ്യമന്ത്രി ഭീരുവിനെപ്പോലെ ഒളിച്ചോടുന്നു; മാധ്യമങ്ങളെ കണ്ടിട്ട് ഏഴ് മാസം - വി.ഡി സതീശൻ



കോഴിക്കോട്: മുഖ്യമന്ത്രി പിണറായി വിജയൻ ഭീരുവിനെപ്പോലെ ഒളിച്ചോടുകയാണെന്നു പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. മാധ്യമങ്ങളെ കണ്ടിട്ട് ഏഴു മാസമായി. കേരളം ഭരിക്കുന്നത് കമ്മ്യൂണിസ്റ്റ് സർക്കാരല്ല. തീവ്ര വലതുപക്ഷ സർക്കാരാണ്. സി.പി.എമ്മിന്റെ തകർച്ചയുടെ തുടക്കമാണ് പുതുപ്പള്ളിയെന്നും സതീശൻ പറഞ്ഞു.

കോഴിക്കോട്ട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു പ്രതിപക്ഷ നേതാവ്. പുതുപ്പള്ളിയിലെ വിജയത്തിലൂടെ സർക്കാരിനോടുള്ള കടുത്ത എതിർപ്പ് ജനങ്ങൾ പ്രകടിപ്പിച്ചതാണ്. ഇത്ര വലിയ പരാജയമുണ്ടായിട്ടും മുഖ്യമന്ത്രി മിണ്ടുന്നില്ല. സി.പി.എമ്മിന്റെ തകർച്ചയുടെ തുടക്കമാണിത്. അത്രമാത്രം ശക്തമായ എതിർപ്പ് പാർട്ടിക്കാരിൽനിന്നുൾപ്പെടെ ഉണ്ടായെന്നും അദ്ദേഹം പറഞ്ഞു.ഇങ്ങനെ പോയാൽ ബംഗാളിലെ അവസ്ഥയുണ്ടാകുമെന്ന് ഭയക്കുന്നു. ആർക്കും എതിർത്തുപറയാൻ ധൈര്യമില്ല. മലക്കംമറിയൽ വിദഗ്ധനാണ് എം.വി ഗോവിന്ദൻ. അദ്ദേഹം പിണറായി വിജയന്റെ കുഴലൂത്തുകാരനായി മാറി. പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ് സർക്കാരിന്റെ വിലയിരുത്തലാകുമെന്ന് പറഞ്ഞ ഗോവിന്ദൻ പിന്നീടത് മാറ്റി. 10 എണ്ണുന്നതിനുമുൻപേ വാക്കുമാറ്റിപ്പറയുന്ന ആളാണ് ഗോവിന്ദനെന്നും സതീശൻ ആക്ഷേപിച്ചു.യു.ഡി.എഫിന്റെ ടീം വർക്കിന്റെ ജയമാണ് പുതുപ്പള്ളിയിൽ നടന്നതെന്നും വി.ഡി സതീശൻ പറഞ്ഞു. പുതുപ്പള്ളി ഒരു തുടക്കമാണ്. ഇനി വരുന്ന തെരഞ്ഞെടുപ്പിലും ഒന്നിച്ചു നേരിടും.

വലിയ ഭൂരിപക്ഷം വലിയ ഭാരമാണ്. കൂടുതൽ ഉത്തരവാദിത്തത്തോടെ പെരുമാറാനുള്ള ചുമതലയാണു ചുമലിൽ തന്നത്. അങ്ങനെ തന്നെ മുന്നോട്ടുപോകുമെന്നും അദ്ദേഹം വ്യക്തമാക്കി."മുന്നാക്ക വികസന കോർപറേഷൻ ചെയർമാനെ മാറ്റിയത് അറിഞ്ഞില്ല എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. പിന്നെന്തിനാണ് അദ്ദേഹം അവിടെ ഇരിക്കുന്നത്? മാസപ്പടി വിവാദം ഉൾപ്പെടെ ഏഴ് ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി പറയുന്നില്ല.

ഏഴ് മാസമായി മുഖ്യമന്ത്രി മാധ്യമങ്ങളെ കണ്ടിട്ട്. ഭീരുവിനെപ്പോലെ ഒളിച്ചോടുകയാണ്. വായ തുറക്കാൻ പേടിയാണ്. ശക്തമായ സമരവുമായി മുന്നോട്ടുപോകും."ബി.ജെ.പി വോട്ടിനെക്കുറിച്ചുള്ള ചോദ്യങ്ങളെ അദ്ദേഹം പരിഹാസത്തോടെ തള്ളിക്കളഞ്ഞു. മാരാർ ജി ഭവനിൽ ആദ്യം പോയി സുരേന്ദ്രനോട് 5,000 വോട്ട് ചോദിച്ചു. അതുകഴിഞ്ഞ് എ.കെ.ജി സെന്ററിൽ പോയി എം.വി ഗോവിന്ദനോടും 5,000 ചോദിച്ചു.

അങ്ങനെയാണ് പതിനായിരം കിട്ടിയതെന്നായിരുന്നു സതീശന്റെ പരിഹാസം.

# 'ഷോക്ക്" ഉറപ്പായി, വൈദ്യതി നിരക്ക് കൂടും




തിരുവനന്തപുരം:അടുത്ത മാസം ഒന്നിന് നിലവിൽ വരും വിധം സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനം.പുതിയ നിരക്കുകൾ പന്ത്രണ്ടിനോ പതിമൂന്നിനോ വൈദ്യുതി റഗുലേറ്ററി കമ്മിഷൻ പ്രഖ്യാപിക്കും.നാലു വർഷത്തേക്ക് യൂണിറ്റിന് ശരാശരി 41 പൈസയുടെ താരിഫ് വർധനയ്ക്കാണ് വൈദ്യുതി ബോർഡ് അപേക്ഷ നൽകിയിരുന്നത്. റഗുലേറ്ററി കമ്മിഷൻ മേയ് 23 ന് തെളിവെടുപ്പ് പൂർത്തിയാക്കി. ജൂണിൽ ഉത്തരവിറക്കാനിരിക്കെ ഹൈക്കോടതി സ്റ്റേ വന്നു, അത് കഴിഞ്ഞ ദിവസം നീങ്ങിയതോടെയാണ് നിരക്ക് വർദ്ധനക്ക് കളമൊരുങ്ങുന്നത്.

കമ്മിഷൻ നേരത്തെ ചോദിച്ച വിശദാംശങ്ങൾ വൈദ്യുതി ബോർഡ് പതിനൊന്നും പന്ത്രണ്ടിനുമായി സമർപ്പിക്കും. അതിന് തൊട്ട് പിന്നാലെ തന്നെ തീരുമാനവും വരും, ജീവനക്കാരുടെ പെൻഷൻ ബാധ്യത ഉപയോക്തക്കളിൽ നിന്ന് ഈടാക്കരുതെന്ന കർശന വ്യവസ്ഥ കോടതി നൽകിയിട്ടുണ്ട്. ഇതിൽ യൂണിറ്റിന് 17 പൈസവരെ കുറയാം. പക്ഷെ അധിക വൈദ്യുതി പുറത്ത് നിന്ന് വാങ്ങിയതിൻറെ ബാധ്യത കൂടി തീർക്കാൻ തീരുമാനിച്ചാൽ ആ മെച്ചവും ബില്ലിലുണ്ടാകില്ല . റദ്ദാക്കിയ ദീർഘകാല വൈദ്യുതി കരാറുകൾ പുനസ്ഥാപിക്കുന്നതിൽ ചീഫ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ അടുത്ത മന്ത്രിസഭായോഗം തീരുമാനം എടുത്തേക്കും. 465 മെഗാവാട്ടിൻറെ കരാറാണ് കടുത്ത വൈദ്യുതി പ്രതിസന്ധി പരിഗണിച്ച് പുനസ്ഥാപിക്കാൻ ശ്രമിക്കുന്നത്.

## ഇൻസ്റ്റഗ്രാം വഴി ദുർമന്ത്രവാദം; ഗവേഷക വിദ്യാർഥിനിക്ക് നഷ്ടം ആറുലക്ഷം

പുതുച്ചേരി: ദുർമന്ത്രവാദത്തിന്റെ പേരിൽ ഗവേഷക വിദ്യാർഥിനിയിൽ നിന്ന് ആറുലക്ഷം രൂപ തട്ടിയെടുത്തു. പോണ്ടിച്ചേരി സർവകലാശാലയിലെ പി.എച്ച്.ഡി. വിദ്യാർഥിനിയാണ് സാമൂഹികമാധ്യമം വഴിയുള്ള തട്ടിപ്പിനിരയായത്.

ഇൻസ്റ്റഗ്രാം അക്കൗണ്ട് വഴി പരിചയപ്പെട്ടവരാണ് ദുർമന്ത്രവാദം നടത്താമെന്ന് അവകാശപ്പെട്ട് വിദ്യാർഥിനിയിൽനിന്ന് പണം തട്ടിയെടുത്തതെന്നും മുൻ ആൺസുഹൃത്തുമായുള്ള ബന്ധം പുനഃസ്ഥാപിക്കാനായാണ് പെൺകുട്ടി തട്ടിപ്പുകാരെ സമീപിച്ചതെന്നും പോലീസ് പറഞ്ഞു.

ആറുമാസം മുൻപാണ് ആൺസുഹൃത്ത് വിദ്യാർഥിനിയുമായുള്ള ബന്ധം അവസാനിപ്പിച്ചത്. ഇതിനിടെയാണ് കുടുംബപ്രശ്നങ്ങളും പ്രണയം, ബിസിനസ് സംബന്ധിച്ച എന്തുപ്രശ്നങ്ങളും പരിഹരിക്കുമെന്ന വാഗ്ദാനം നൽകിയുള്ള ഇൻസ്റ്റഗ്രാം അക്കൗണ്ട് പെൺകുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടത്. ഇതേത്തുടർന്ന് ബന്ധം തുടരാനായി പെൺകുട്ടി ദുർമന്ത്രവാദത്തെ ആശ്രയിക്കുകയായിരുന്നു. തുടർന്ന് ഈ അക്കൗണ്ടിലേക്ക് സന്ദേശം അയക്കുകയും ആൺസുഹൃത്തുമായുള്ള പ്രശ്നം അവതരിപ്പിക്കുകയും ചെയ്തു.

പ്രത്യേക പൂജ ചെയ്താൽ സുഹൃത്ത് തിരികെ വരുമെന്നും ഫോണിൽ വിളിക്കുമെന്നുമായിരുന്നു തട്ടിപ്പുകാർ പെൺകുട്ടിക്ക് നൽകിയ മറുപടി.


പൂജയ്ക്കായി പണം വേണമെന്നും ഇവർ ആവശ്യപ്പെട്ടു. പെൺകുട്ടി ഓൺലൈൻ വഴി പണം അടച്ചതോടെ പരാതിക്കാരിയുടെയും സുഹൃത്തിന്റെയും ഫോൺനമ്പറുകൾ തട്ടിപ്പുകാർ ചോദിച്ചുവാങ്ങി. ആൺസുഹൃത്തിന്റെ ഫോണിൽനിന്ന് കോൾ വരുമെന്നും പക്ഷേ, അത് എടുക്കരുതെന്നുമായിരുന്നു ഇവരുടെ നിർദേശം.

# പെലെയെയും പിന്നിലാക്കി നെയ്മറിന്റെ പടയോട്ടം; ഗോൾ വേട്ടയിൽ ഒന്നാമൻ

ബ്രസീലിയ: ലോക ഫുട്ബോൾ ഇതിഹാസം സാക്ഷാൽ പെലെയുടെ റെക്കോർഡ് പഴങ്കഥയാക്കി ബ്രസീലിയൻ സൂപ്പർ താരം നെയ്മറിന്റെ പടയോട്ടം. അന്താരാഷ്ട്ര ഫുട്ബോളിൽ പെലെയുടെ ഗോൾ റെക്കോർഡ് ആണ് യുവതാരം മറികടന്നത്.

ലോകകപ്പ് യോഗ്യത മത്സരത്തിൽ ബൊളീവിയക്കെതിരെ നടന്ന മത്സരത്തിൽ ഗോൾ നേടിയതോടെയാണ് ഇതിഹാസ താരത്തിന്റെ റെക്കോഡ് നെയ്മർ തിരുത്തിയെഴുതിയത്. രാജ്യത്തിനായി ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരമെന്ന പെലെയുടെ റെക്കോർഡാണ് നെയ്മർ മറികടന്നത്.

2026 ലോകകപ്പ് യോഗ്യതാ റൗണ്ടിൽ തെക്കേ അമേരിക്കൻ മേഖലയിലെ





മത്സരത്തിൽ ബൊളീവിയക്കെതിരെ രണ്ട് ഗോൾ നേടിയാണ് ചരിത്ര നേട്ടം ആഘോഷമാക്കിയത്. മത്സരത്തിൽ 5-1 ന് ബ്രസീൽ വിജയിച്ചു. ആദ്യപകുതിയിൽ ലഭിച്ച പെനാൽറ്റി പാഴാക്കിയെങ്കിലും 61, 93 മിനിറ്റുകളിൽ ഗോളുകൾ നേടിയാണ് നെയ്മർ റെക്കോർഡ് മറികടന്നത്.

മത്സരത്തിന് മുമ്പ് 77 ഗോളുമായി പെലെയ്ക്ക് ഒപ്പമായിരുന്നു നെയ്മർ. 61-ാം മിനിറ്റിൽ നേടിയ സൂപ്പർ ഗോളിലൂടെ നെയ്മർ ചരിത്രം മാറ്റി എഴുതി.

അന്താരാഷ്ട്ര ഫുട്ബോളിൽ ഒരു ബ്രസീൽ താരം രാജ്യത്തിനായി നേടുന്ന ഗോളുകളുടെ എണ്ണത്തിന്റെ റെക്കോർഡ് 79 ഗോളുകൾ ആക്കിയാണ് നെയ്മർ മത്സരം അവസാനിപ്പിച്ചത്.

ബ്രസീലിനായി 91 മത്സരങ്ങളിൽ നിന്നാണ് 77 ഗോളുകൾ പെലെ നേടിത്. എന്നാൽ 124-ാം മത്സരത്തിലാണ് നെയ്മറിന്റെ നേട്ടം. അതിനാൽ തന്നെ ഇതിഹാസത്തിന്റെ നേട്ടം നേട്ടമായി തന്നെ തുടരും. 98 കളിയിൽ 62 ഗോൾ നേടിയ റൊണാൾഡോയാണ് ബ്രസീലിയൻ ഗോൾവേട്ടക്കാരിലെ മൂന്നാമൻ. 55 ഗോളുള്ള റൊമാരിയോ നാലാം സ്ഥാനത്തും 48 ഗോളുള്ള സീക്കോ അഞ്ചാം സ്ഥാനത്തുമാണ്.

റെക്കോർഡ് തിരുത്തിയതോടെ പുതിയ റെക്കോർഡ് ഇനി നെയ്മർ കളി നിർത്തുന്ന ദിവസമായിരിക്കും തങ്കലിപികളിൽ ഉറപ്പിച്ച് നിർത്തുക. അതുവരെ നെയ്മർ എന്ന ബ്രസീലിയൻ സൂപ്പർ താരം ഗോളടി തുടരും.



ഗോൾ നേടിയ നെയ്മറിന്റെ ആഹ്ലാദം, സമീപം റോഡ്രിഗോ

# നെയ്മറിനും റോഡ്രിഗോയ്ക്കും ഇരട്ട ഗോൾ! ബൊളീവിയയെ തുരത്തി ബ്രസീൽ;

## ഉറുഗ്വെയ്ക്കും ജയം

ബ്രസീലിയ: 2026 ഫിഫ ലോകകപ്പ് യോഗ്യത റൗണ്ടിൽ ബ്രസീൽ ഗംഭീര ജയത്തോടെ അരങ്ങേറി. തെക്കെ അമേരിക്കൻ മേഖലയിൽ ബൊളീവിയക്കെതിരെ ഒന്നിനെതിരെ അഞ്ച് ഗോളുകൾക്കായിരുന്നു ബ്രസീലിന്റെ ജയം. നെയ്മർ, റോഡ്രിഗോ എന്നിവരുടെ ഇരട്ട ഗോളുകളാണ് ബ്രസീലിന് ജയമൊരുക്കിയത്. റഫിഞ്ഞയുടെ വകയായിരുന്നു മറ്റൊരു ഗോൾ. ബൊളീവിയക്ക് വേണ്ടി വിക്റ്റർ അബ്രഗോ ഒരു ഗോൾ നേടി. മറ്റൊരു മത്സരത്തിൽ ഉറുഗ്വെ 3-1ന് ചിലെയെ മറികടന്നു. നിക്കോളാസ് ഡി ലാ ക്രൂസ് രണ്ട് ഗോൾ നേടി. ഫെഡറിക്കോ വാൽവെർദെയുടെ വകയായിരുന്നു ഉറുഗ്വെയുടെ മറ്റൊരു ഗോൾ. അർതുറോ വിദാൽ ചിലെയ്ക്ക് വേണ്ടി ആശ്വാസഗോൾ നേടി. പ്രതാപം വീണ്ടെടുക്കാൻ ശ്രമിക്കുന്ന ബ്രസീൽ ആധികാരിക ജയമാണ് ബൊളീവിയക്കെതിരെ നേടിയത്. മത്സരത്തിൽ 80 ശതമാനവും പന്ത് കൈവശം വച്ചു. എന്നാൽ 17-ാം മിനിറ്റിൽ നെയ്മർ പെനാൽറ്റി പാഴാക്കുന്നത് കണ്ടാണ് മത്സരം ഉണർന്നത്. ഏഴ് മിനിറ്റുകൾക്ക് ശേഷം റോഡ്രിഗോയിലൂടെ ബ്രസീൽ മുന്നിലെത്തി. ആദ്യപാതിയിൽ പിന്നീട് ഗോളൊന്നും പിറന്നില്ല. രണ്ടാം പകുതി ആരംഭിച്ച് രണ്ട് മിനിറ്റുകൾക്കകം വീണ്ടും ബ്രസീലിന്റെ ഗോൾ. ഇത്തവണ നെയ്മറുടെ അസിസ്റ്റിൽ റഫിഞ്ഞയുടെ ഗോൾ. 53-ാം മിനിറ്റിൽ റയൽ മാഡ്രിഡ് താരം റോഡ്രിഗോ രണ്ടാം ഗോളും നേടി. ബ്രൂണോ ഗിമാറെസാണ് ഗോളിന് വഴിയൊരുക്കിയത്. തുടക്കത്തിൽ പെനാൽറ്റി പാഴാക്കിയ നെയ്മർ പിന്നീട് പരിഹാരവും ചെയ്തു. 61-ാം മിനിറ്റിൽ അൽ ഹിലാൽ താരത്തിന്റെ ആദ്യ ഗോൾ. ഇഞ്ചുറി സമയത്ത് നെയ്മർ രണ്ടാം ഗോളും നേടിയതോടെ പട്ടിക പൂർത്തിയായി. 78-ാം മിനിറ്റിലായിരുന്നു ബൊളീവിയയുടെ ആശ്വാസ ഗോൾ. ചിലെയ്ക്കെതിരെ 38-ാം മിനിറ്റിലാണ് നിക്കോളാസ് ആദ്യ ഗോൾ നേടുന്നത്. ഡാർവിൻ നൂനസിന്റെ അസിസ്റ്റിലായിരുന്നു ഗോൾ പിറന്നത്. ആദ്യ പകുതിയുടെ ഇഞ്ചുറി സയമത്ത് രണ്ടാം ഗോളും ഉരുഗ്വെ നേടി. വാൽവെർദെയാണ് വല കുലുക്കിയത്. 71-ാം മിനിറ്റിൽ ഉറുഗ്വെ 3-0ത്തിന് മുന്നിലെത്തി. 71-ാം മിനിറ്റിൽ നിക്കോളാസ് രണ്ടാം ഗോളായിരുന്നു അത്. 74-ാം മിനിറ്റിൽ വിദാലിലൂടെ ചിലെ ആശ്വാസ ഗോൾ നേടി.

# ഇത് നാണക്കേട്; ഏഷ്യൻ ക്രിക്കറ്റ് കൗൺസിലിനെ വിമർശിച്ച് വെങ്കടേഷ് പ്രസാദ്

ന്യൂഡൽഹി: 2023 ഏഷ്യാകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന്റെ പശ്ചാത്തലത്തിൽ ഏഷ്യൻ ക്രിക്കറ്റ് കൗൺസിലിനെ വിമർശിച്ച് മുൻ ഇന്ത്യൻ ഫാസ്റ്റ് ബൗളർ വെങ്കടേഷ് പ്രസാദ്. ഏഷ്യാകപ്പ് സൂപ്പർ ഫോറിലെ ഇന്ത്യ-പാകിസ്താൻ സൂപ്പർ ഫോർ പോരാട്ടത്തിന് റിസർവ് ഡേ നൽകിയതിനെത്തുടർന്നാണ് പ്രസാദ് വിമർശനവുമായി രംഗത്തെത്തിയത്.

ഞായറാഴ്ച നടക്കുന്ന മത്സരത്തിനാണ് റിസർവ് ഡേ നൽകിയിരിക്കുന്നത്. മഴ പ്രതികൂല സാഹചര്യം തീർക്കുന്ന ശ്രീലങ്കയിലെ കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്. മത്സരം മഴമൂലം മുടങ്ങിയാൽ റിസർവ് ദിനമായ തിങ്കളാഴ്ച മത്സരം നടക്കും. ഈ തീരുമാനം നാണക്കേടാണെന്ന് പ്രസാദ് വ്യക്തമാക്കി. എക്സിലൂടെയാണ് താരം ഇക്കാര്യമറിയിച്ചത്.'നാണക്കേടാണിത്. രണ്ട് ടീമുകൾക്ക് മാത്രമായി പ്രത്യേക നിയമ



മുണ്ടാക്കുന്നത് ശരിയായ പ്രവൃത്തിയല്ല. ആദ്യ ദിവസം മഴ പെയ്ത് മത്സരം റിസർവ് ദിനത്തിലേക്ക് മാറ്റണം. എന്നിട്ട് അന്നും മഴ പെയ്ത് ഈ പദ്ധതി പൂർണമായും ഇല്ലാതാകണം. എന്നാൽ മാത്രമേ നീതി നടപ്പിലാകൂ', പ്രസാദ് വിമർശിച്ചു. താരത്തെ അനുകൂലിച്ച് നിരവധി ആരാധകരാണ് രംഗത്തെത്തിയത്.

സൂപ്പർ ഫോറിൽ മറ്റ് മത്സരങ്ങൾക്കൊന്നും തന്നെ റിസർവ് ദിനം ഇല്ല. ഇന്ത്യ-പാകിസ്താൻ മത്സരത്തിൽ മാത്രമാണ് ഇത് പ്രാവർത്തികമാക്കുന്നത്. ഇത് അസമത്വമാണെന്നും പ്രസാദ് തുറന്നടിച്ചു. മറ്റ് ടീമുകൾക്കൊന്നുമില്ലാത്ത എന്ത് പ്രത്യേകതയാണ് ഇന്ത്യയ്ക്കും പാകിസ്താനുമുള്ളതെന്നാണ് ആരാധകരിൽ പലരുടെയും ചോദ്യം. ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ഗ്രൂപ്പ് ഘട്ട മത്സരം മഴമൂലം പൂർണമായും ഉപേക്ഷിച്ചിരുന്നു.

# യു. എസ് ഓപ്പൺ: പുരുഷ ഫൈനലിൽ ജോക്കോവിച്ച്- മെദ്വെദേവ് പോരാട്ടം

ന്യൂയോർക്ക്: ചരിത്രത്തിലേക്ക് ഒരു ജയത്തിന്റെ അകലം മാത്രം. 24-ാം ഗ്രാൻഡ്സ്ലാം ലക്ഷ്യമാക്കി സെർബിയയുടെ ഇതിഹാസതാരം നൊവാക്ക് ജോക്കോവിച്ച് യു.എസ്.ഓപ്പണിന്റെ ഫൈനലിൽ. വമ്പൻ അട്ടിമറികൾ നടത്തി സെമിഫൈനലിലെത്തിയ അമേരിക്കൻ യുവതാരം ബെൻ ഷെൽട്ടണെ അനായാസം മറികടന്നാണ് ജോക്കോവിച്ച് ഫൈനലിലേക്ക് മുന്നേറിയത്. മറ്റൊരു മത്സരത്തിൽ ലോക ഒന്നാം നമ്പർ താരമായ കാർലോസ് അൽക്കരാസിനെ വീഴ്ത്തി ഡാനിൽ മെദ്വെദേവും ഫൈനലിലേക്ക്



ടിക്കറ്റെടുത്തു. ഞായറാഴ്ചയാണ് ഫൈനൽ.ജോക്കോവിച്ചിന്റെ 10-ാം യു.എസ്.ഓപ്പൺ ഫൈനൽ പ്രവേശനമാണിത്. ജോക്കോയുടെ പരിചയസമ്പത്തിന് മുന്നിൽ ഷെൽട്ടണിന് പിടിച്ചുനിൽക്കാനായില്ല. നേരിട്ടുള്ള സെറ്റുകൾക്കാണ് ജോക്കോവിച്ചിന്റെ വിജയം. സ്കോർ: 6-3, 6-2, 7-6.36 കാരനായ ജോക്കോവിച്ച് യു.എസ്.ഓപ്പൺ നേടുന്ന ഏറ്റവും പ്രായം കൂടിയ പുരുഷ താരം എന്ന റെക്കോഡ് സ്വന്തമാക്കാനുള്ള തയ്യാറെടുപ്പിലാണ്.

കിരീടം നേടിയാൽ മാർഗരറ്റ് കോർട്ട് സ്വന്തമാക്കിയ ഏറ്റവുമധികം ഗ്രാൻഡ്സ്ലാം കിരീടങ്ങൾ നേടിയ താരത്തിനുള്ള റെക്കോഡ് ജോക്കോവിച്ചും സ്വന്തമാക്കും.ആവേശം നിറഞ്ഞ നാല് സെറ്റ് നീണ്ട പോരാട്ടത്തിനൊടുവിലാണ് മെദ്വെദേവ് അൽക്കരാസിനെ കീഴടക്കിയത്. ആദ്യ രണ്ട് സെറ്റും നേടി നയം വ്യക്തമാക്കിയ മെദ്വെദേവിനെതിരേ പക്ഷേ മൂന്നാം സെറ്റിൽ അൽക്കരാസ് തിരിച്ചടിച്ചു. എന്നാൽ നാലാം സെറ്റും നേടിക്കൊണ്ട് റഷ്യൻ താരം ഫൈനലിലേക്ക് കുതിച്ചു.

# ഗാംഗുലിയും ധോണിയുമല്ല, ഇന്ത്യയുടെ മികച്ച ക്യാപ്റ്റൻ അവൻ! തിരഞ്ഞെടുത്ത് ഗംഭീർ

ഇന്ത്യയുടെ ഇതിഹാസ നായകൻ എംഎസ് ധോണിയേയും ഇതിഹാസ ബാറ്റ്സ്മാൻ വിരാട് കോലിയേയുമെല്ലാം ശത്രു പക്ഷത്ത് നിർത്തിയ താരമാണ് ഗംഭീർ. അതുകൊണ്ടുതന്നെ പ്രകടനം ഇഷ്ടപ്പെടുന്ന ആരാധകർക്ക് പോലും ഗംഭീർ വെറുക്കപ്പെട്ടവനായി.

ഇപ്പോഴിതാ ഇന്ത്യയുടെ എക്കാലത്തേയും മികച്ച നായകൻ ആരാണെന്ന് തിരഞ്ഞെടുത്ത ഗംഭീർ വീണ്ടും ധോണി, കോലി ആരാധകരെ ചൊടിപ്പിച്ചിരിക്കുകയാണ്.'ബഡ് ഭാരത് ഷോ' എന്ന പരിപാടിയിൽ റാപ്പിഡ് ഫയർ റൗണ്ടിൽ സംസാരിക്കവെയാണ് ഗംഭീർ മികച്ച ഇന്ത്യൻ നായകനെ തിരഞ്ഞെടുത്തത്. സൗരവ് ഗാംഗുലി, എംഎസ് ധോണി, വിരാട് കോലി, രോഹിത് ശർമ എന്നിവരെയെല്ലാം തഴഞ്ഞ ഗംഭീർ അനിൽ കുംബ്ലെയെന്ന വിചിത്രമായ അഭിപ്രായ പ്രകടനമാണ് നടത്തിയിരിക്കുന്നത്.

കുംബ്ലെയുടെ ക്യാപ്റ്റൻസി ശൈലിയെ ഗംഭീർ പ്രശംസിക്കുകയും ചെയ്തു. എല്ലാവർക്കും അറിയാവുന്ന നായകനാണ് കുംബ്ലെ.

തന്റേതായ ശൈലിയിലൂടെയും വ്യത്യസ്തമായ തീരുമാനങ്ങളിലൂടെയും എല്ലാവരുടേയും ശ്രദ്ധ നേടിയെടുക്കാൻ കുംബ്ലെക്ക് സാധിച്ചിട്ടുണ്ടെന്നാണ് ഗംഭീർ അഭിപ്രായപ്പെടുന്നത്. മൂന്ന് തവണ ഇന്ത്യക്ക് ഐസിസി കിരീടം നേടിക്കൊ



ടുത്ത ധോണിയെ ഗംഭീർ മനപ്പൂർവ്വം തഴഞ്ഞതാണെന്നതാണ് ആരാധകർ പറയുന്നത്. ഇന്ത്യയുടെ നായകസ്ഥാനം വളരെയധികം ആഗ്രഹിച്ച താരമാണ് ഗംഭീർ. എന്നാൽ ധോണിയുടെ വളർച്ചയിൽ ഗംഭീർ ഒതുക്കപ്പെട്ടു.

2011ലെ ഏകദിന ലോകകപ്പ് ഫൈനലിൽ ഗംഭീർ അർധസെഞ്ചുറി നേടിയെങ്കിലും കളിയിലെ താരമായത് ധോണിയാണ്. എല്ലാ പ്രശംസയും ധോണിയിലേക്കെത്തിയതിൽ ഗംഭീറിന് അതൃപ്തിയുണ്ടായിരുന്നു. ഇത് ഗംഭീർ പലവട്ടം തുറന്ന് പറയുകയും ചെയ്തതാണ്. ഇന്ത്യയുടെ ടെസ്റ്റ് ടീമിനെ അത്യുന്നതങ്ങളിലേക്കെത്തിച്ച ക്യാപ്റ്റനാണ് വിരാട് കോലി. എന്നാൽ കോലിയോടും ഗംഭീർ ഉടക്കിലാണ്. ഐപിഎല്ലിൽ രണ്ടുതവണ ഇരുവരും ഏറ്റുമുട്ടുകയും കൈയാങ്കളിയുടെ വക്കോളമെത്തുകയും ചെയ്തിരുന്നു. ഐപിഎല്ലിൽ തന്നെ ഏറ്റവും പ്രയാസപ്പെടുത്തിയ നായകൻ രോഹിത് ശർമയാണെന്ന് ഗംഭീർ തുറന്നുപറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ത്യയുടെ മികച്ച നായകനായി രോഹിത്തിനെ പരിഗണിക്കാനും ഗംഭീർ തയ്യാറായില്ല. 2003ലെ ലോകകപ്പിൽ ഇന്ത്യയെ ഫൈനൽ കളിപ്പിച്ച നായകനാണ് സൗരവ് ഗാംഗുലി.

എന്നാൽ ഗാംഗുലിയേയും തഴഞ്ഞ് കുംബ്ലെയെ ഗംഭീർ തിരഞ്ഞെടുക്കുകയായിരുന്നു. ടെസ്റ്റിലെ ഇന്ത്യയുടെ വിദേശ പര്യടനങ്ങളിലെ പ്രകടനം മെച്ചപ്പെടുത്താൻ കുംബ്ലെ ക്യാപ്റ്റനായിരിക്കെ സാധിച്ചിരുന്നു. എന്നാൽ വലിയ ഇംപാക്ട് സൃഷ്ടിച്ച നായകനാണ് കുംബ്ലെയെന്ന് പറയാനാവില്ല. ഇന്ത്യയുടെ ഇതിഹാസ സ്പിന്നറായിരുന്ന കുംബ്ലെ പരിശീലക റോളിലും ഇന്ത്യക്കായി പ്രവർത്തിച്ചിരുന്നു. അന്ന് വിരാട് കോലിയുമായുള്ള അഭിപ്രായ ഭിന്നതയെത്തുടർന്നാണ് കുംബ്ലെക്ക് പരിശീലകസ്ഥാനം ഒഴിയേണ്ടി വന്നത്. കോലിയും കുംബ്ലെയും തമ്മിലുള്ള മോശം ബന്ധംകൊണ്ടാവാം കുംബ്ലെയെ മികച്ച ക്യാപ്റ്റനായി ഗംഭീർ തിരഞ്ഞെടുത്തതെന്ന് പറയാം.


ഏഷ്യാ കപ്പിലെ ഇന്ത്യ-പാക് ഗ്രൂപ്പുഘട്ട മത്സരത്തിനിടെ താരങ്ങൾ തമ്മിൽ വലിയ സൗഹൃദത്തോടെയാണ് പെരുമാറിയത്. കോലിയും പാകിസ്താൻ താരങ്ങളും തമ്മിൽ തമാശകൾ പറഞ്ഞ് ചിരിക്കുകയും സൗഹൃദം പങ്കിടുകയും ചെയ്തു. ഇതിനെ ഗംഭീർ വിമർശിച്ചിരുന്നു. പാക് താരങ്ങളോട് ഇത്രയും സൗഹൃദം കാട്ടേണ്ടതില്ലെന്നും ഇത് മത്സരത്തെ ബാധിക്കുമെന്നുമെല്ലാമാണ് ഗംഭീർ അഭിപ്രായപ്പെട്ടത്. കോലിയെ ലക്ഷ്യം വെച്ചാണ് ഗംഭീർ ഇത്തരമൊരു പരാമർശം നടത്തിയത്.

ഇതും വലിയ വിവാദമായി മാറിയിരുന്നു. സൂപ്പർ ഫോറിലെ ഇന്ത്യ-പാക് പോരാട്ടം 10ാം തീയ്യതി നടക്കാൻ പോവുകയാണ്. മഴ മുടക്കിയില്ലെങ്കിൽ സൂപ്പർ പോരാട്ടം കാണാനായേക്കും. മത്സരത്തിന് മാത്രമായി റിസർവ് ഡേ പ്രഖ്യാപിച്ചത് വലിയ വിവാദമായി മാറിയിട്ടുണ്ട്.

## വിരമിക്കലിനെ കുറിച്ച് ചിന്തിച്ചിട്ടില്ല – ദ്യോകോവിച്ച്

വിരമിക്കലിനെ കുറിച്ച് താൻ ഇപ്പോഴും ചിന്തിച്ചിട്ടില്ലെന്ന് നൊവാക് ദ്യോകോവിച്ച്. യു.എസ് ഓപ്പൺ ഫൈനലിൽ കടന്നതിന് പിന്നാലെയാണ് അദ്ദേഹത്തിന്റെ പ്രഖ്യാപനം. സ്വന്തം കഴിവുകളിലും ആരോഗ്യത്തിലും വിശ്വാസമുണ്ടെന്നും ഇപ്പോൾ വിരമിക്കലിനെ കുറിച്ച് ചിന്തിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

പ്രായം എന്ന് പറയുന്നത് നമ്പർ മാത്രമാണ്. ടെന്നീസ് വിടുന്നതിനെ കുറിച്ച് ഇപ്പോൾ ചിന്തിച്ചിട്ടില്ല. യുവതാരങ്ങൾ കിരീടം നേടി തന്നെ ഇപ്പോഴുള്ള സ്ഥാനത്ത് നിന്നും തള്ളി പുറത്താക്കിയാൽ ചിലപ്പോൾ താൻ കളി മതിയാക്കുമെന്ന് ദ്യോകോവിച്ച് തമാശയായി പറഞ്ഞു.നേരത്തെ ദ്യോകോവിച്ച് യു.എസ് ഓപ്പൺ ഫൈനലിൽ കടന്നിരുന്നു.




# ക്രിക്കറ്റ് ലോകകപ്പ്: മാച്ച് ഒഫീഷ്യലുകളുടെ പട്ടികയിൽ ശ്രീനാഥും നിതിൻ മേനോനും

ദുബൈ: ഒക്ടോബർ അഞ്ചിന് ആരംഭിക്കുന്ന ക്രിക്കറ്റ് ലോകകപ്പിലെ മത്സരങ്ങൾ നിയന്ത്രിക്കുന്ന മാച്ച് ഒഫീഷ്യലുകളുടെ പട്ടിക ഐ.സി.സി പുറത്തുവിട്ടു.

ലീഗ് ഘട്ടത്തിൽ ഇന്ത്യൻ അംപയർ നിതിൻ മേനോൻ, മാച്ച് റഫറി ജവഗൽ ശ്രീനാഥ് എന്നിവരടക്കം 20 പേരാണുള്ളത്. സെമി, ഫൈനൽ പോരാട്ടങ്ങൾക്കുള്ള പട്ടിക പിന്നീട് പ്രഖ്യാപിക്കും. 16 അംപയർമാരിൽ 12 പേർ ഐ.സി.സി അംപയർമാരിലെ എമിറേറ്റ്സ് എലീറ്റ് പാനലിലുള്ളവരാണ്. അവശേഷിച്ചവർ എമർജിങ് അംപയർ പാനലിൽ നിന്നുമാണ്. നിലവിലെ ചാമ്പ്യന്മാരായ ഇംഗ്ലണ്ടും റണ്ണേഴ്സ് അപ് ന്യൂസിലൻഡും തമ്മിലെ ഉദ്ഘാടന മത്സരത്തിൽ നിതിൻ മേനോനും കുമാര ധർമസേനയുമായിരിക്കും ഓൺഫീൽഡ് അംപയർമാർ.




RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.